

# ടൈംസ് ഓഫ് അമേരിക്ക
# TIMES of AMERICA

2025
മേയ്
15 – 30

Volume XIX Issue 10

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക



Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111



• Air Tickets
• Vacation & Cruise Booking
• Group Tour Packages
• Passport, Visa & OCI Services
• Passport Photos

FOR ALL YOU TRAVEL NEEDS
PLEASE CONTACT US
(833) 8 GLOBAL | (215) 464-8253

GLOBAL
TRAVEL EXPERTS

Main Office : 9823 Bustleton Ave., Philadelphia, PA 19115 | New York (516) 321-4200 | New Jersey (732) 853-8900 | Philadelphia (215) 464-8253


# സൗദി അറേബ്യ യുഎസിൽ 600 ബില്യൺ ഡോളർ നിക്ഷേപിക്കാൻ പരസ്പര ധാരണ




**- പി പി ചെറിയാൻ**

റിയാദ്: സൗദി അറേബ്യ യുഎസിൽ 600 ബില്യൺ ഡോളർ നിക്ഷേപിക്കാൻ ധാരണയായി. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ റിയാദ് സന്ദർശനത്തിനിടെയാണ് ഇത് സംബന്ധിച്ച് ധാരണയായത്. സാങ്കേതിക പങ്കാളിത്തത്തിലൂടെയും 142 ബില്യൺ ഡോളറിന്റെ ആയുധ വിൽപ്പന കരാറിലൂടെയുമാണ് സൗദി നിക്ഷേപം നടത്തുക. ആയുധ വിൽപ്പന കരാറിൽ ഇരു രാജ്യങ്ങളും ഒപ്പുവെച്ചു.

ഊർജ്ജം, ധാതു വികസനം തുടങ്ങിയ മേഖലകളിലെ സഹകരണവും ഉൾപ്പെടുന്ന കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വലിയ ആയുധ വിൽപ്പന കരാറാണെന്ന് വൈറ്റ്ഹൗസ് വിശദീകരിച്ചു.


മിഡിൽ ഈസ്റ്റ് പര്യടനത്തിന്റെ ഭാഗമായാണ് ട്രംപ് സൗദി തലസ്ഥാനമായ റിയാദിൽ എത്തിയത്. ഖത്തറിലേക്ക് പോകുന്ന ട്രംപ് അടുത്ത ദിവസം അബുദാബിയിൽ എത്തും



ഇല്ലിനോയിസ്:യുഎസ് കോൺഗ്രസ് രാജ കൃഷ്ണ മൂർത്തി യുഎസ് സെനറ്റിലേക്ക് തന്റെ സ്ഥാനാർത്ഥിത്വം ഔദ്യോഗികമായി പ്രഖ്യാപിച്ചു. വിരമിക്കുന്ന സെനറ്റർ ഡിക്ക് ഡർബിന്റെ പിൻഗാമിയാകാനുള്ള തയ്യാറെടുപ്പിലാണ് കൃഷ്ണമൂർത്തി. ഇല്ലിനോയിസിലുടനീളം മൂന്ന് സ്റ്റോപ്പ് പര്യടനത്തോടെ ആരംഭിക്കും.

താഴെ സംസ്ഥാനത്തിൽ നിന്നുള്ള ഒരു സഹപ്രവർത്തകനായ എന്നെ യുഎസ് സെനറ്റിലേക്ക് മത്സരിക്കാൻ പ്രേരിപ്പിക്കുന്ന സുഹൃത്തുക്കളിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും കമ്മ്യൂണിറ്റി നേതാക്കളിൽ നിന്നും എനിക്ക് ലഭിച്ച പ്രോത്സാഹനത്തിൽ ഞാൻ വളരെയധികം വിനീതനാണ്.ആദ്യ തലമുറ കുടിയേറ്റക്കാരനും പിയോറിയ പബ്ലിക് സ്കൂളുകളുടെ അഭിമാനിയായ കൃഷ്ണമൂർത്തി പറഞ്ഞു

ഒരു പ്രചാരണ വീഡിയോയിൽ, ഡൊണാൾഡ് ട്രംപിനെപ്പോലുള്ള ഭീഷണിപ്പെടുത്തുന്നവരെ ചെറുക്കാനുള്ള തന്റെ പ്രതിബദ്ധത കൃഷ്ണമൂർത്തി ഊന്നിപ്പറഞ്ഞു. ശതകോടീശ്വരന്മാരും അഴിമതിക്കാരായ രാഷ്ട്രീയക്കാരും സ്വന്തം അഹങ്കാരത്തിനും വ്യക്തിപരമായ ലാഭത്തിനും വേണ്ടി അടുത്ത തലമുറയുടെ സ്വപ്നങ്ങളെ നിഷേധിക്കുമ്പോൾ ഞാൻ ഒരിക്കലും നിശബ്ദനായിരിക്കില്ല-അദ്ദേഹം പറഞ്ഞു.



# സജി ജോർജ് സണ്ണിവെയ്ൽ സിറ്റി മേയറായി സത്യപ്രതിജ്ഞ ചെയ്തു



ഡാളസ്: ടെക്സസ് സ്റ്റേറ്റ് സണ്ണിവെയ്ൽ സിറ്റി മേയറായി ഇന്ത്യൻ അമേരിക്കൻ വംശജനും മലയാളിയുമായ സജി ജോർജ് സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റു

മൂന്നാം തവണയാണ് സജി ജോർജ് മേയറായി തിരഞ്ഞെടുക്കപ്പെടുന്നത്. മെയ് 3നു നടന്ന സിറ്റി മേയർ തിരഞ്ഞെടുപ്പിൽ ഏക എതിരാളി പോൾ കേഷിനെ വൻ ഭൂരിപക്ഷത്തോടെയാണ് സജി ജോർജ് പരാജയപ്പെടുത്തിയത്.

മെയ് 12 തിങ്കളാഴ്ച 7ന് സണ്ണിവെയ്ൽ സിറ്റി ഹാളിൽ നടന്ന ചടങ്ങിൽ ടെക്സസ് സംസ്ഥാന പ്രതിനിധി റഹിറ്റ ബോവേഴ്സാണ് സത്യപ്രതിജ്ഞ വാചകം ചൊല്ലി കൊടുത്തത്. പാസ്റ്റർ ഷാജി കെ ഡാനിയേലിന്റെ പ്രാർത്ഥനയോടെയാണ് സത്യപ്രതിജ്ഞ ചടങ്ങു ആരംഭിച്ചത്. എം ഡാളസ് സെന്റ് പോൾസ് ഇടവക വികാരി റെജിൻ ജോൺ ഉൾപ്പടെ നിരവധി പേർ ചടങ്ങിൽ പ ങ്കെടുത്തു.

തുടർച്ചയായി മൂന്ന് തവണ മേയറായി തിരഞ്ഞെടുക്കപ്പെടുന്ന അമേരിക്കയിലെ ആദ്യ മലയാളിയാണ് സജി ജോർജ്. 2013 മുതൽ സിറ്റി കൗൺസിൽ അംഗം, പ്രോ ടേം മേയർ, മേയർ എന്നീ നിലകളിൽ സ്തുത്യർഹസേവനം അനുഷ്ഠിച്ച സജി ജോർജ് മെയ് 3നു നടന്ന സിറ്റി മേയർ തിരെഞ്ഞെടുപ്പിൽ ഏക എതിരാളി പോൾ കേഷിനെ വൻഭൂരിപക്ഷത്തോടെയാണ് പരാജയപ്പെടുത്തിയത്.

ടെക്സസ്സിലെ അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന സിറ്റിയാണ് സണ്ണിവെയ്ൽ. ടെക്സസിൽ ഉന്നത നിലവാരം പുലർത്തുന്ന ഹൈസ്ക്കൂളുകളിൽ ഒന്നാണ് സണ്ണിവെയ്ൽ ഐ.എസ്.ഡി. അപ്പാർട്ടുമെന്റും, ബസ്സ് സർവ്വീസും അനുവദിക്കാത്ത സിറ്റി എന്ന ബഹുമതിയും സണ്ണിവെയ്ൽ സിറ്റി ഇതുവരെ നിലനിർത്തിയിട്ടുണ്ട്.

ഏഴായിരത്തിലധികം ജനസംഖ്യയുള്ള സിറ്റിയിൽ 68.4 ശതമാനത്തിലധികം വൈറ്റ്സും, 20.6% ഏഷ്യൻ വംശജരുമാണ്. 2012ൽ ഡി.മേഗസിൽ നോർത്ത് ടെക്സസ്സിലെ വൈറ്റസ്റ്റ് ടൗണായി സണ്ണിവെയ്ലിനെ ചിത്രീകരിച്ചിരുന്നു. ആഫ്രിക്കൻ അമേരിക്കൻ 6 ശതമാനവും, ഹിസ് പാനിക്ക് 8 ശതമാനവുമാണ് സിറ്റിവെയ്ൽ സിറ്റിയിലുള്ളത്.


സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം

പി.ഡി.എഫ് ഫയലിനോടൊപ്പം

www.timesofamericanmalayali.com

പ്രതിമാസ സാംസ്കാരിക മാസിക


സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

പരിവർത്തിത ലോകത്തിന്റെ നായകൻ

ഫ്രാൻസിസ് മാർ പാപ്പാ

ഈ ലക്കത്തിൽ



## രമേശ് ചെന്നിത്തലയ്ക്കു ഗ്ലോബൽ ഇന്ത്യൻ കർമ്മശ്രേഷ്ഠ പുരസ്കാരം

– ജീമോൻ റാന്നി




ഹൂസ്റ്റൺ: രാഷ്ട്രീയത്തിൽ മാത്രമല്ല, സാമൂഹ്യ സേവന രംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച കേരളത്തിലെ ജനകീയ നേതാവ് രമേശ് ചെന്നിത്തലയ്ക്ക് ഗ്ലോബൽ ഇന്ത്യൻ ന്യൂസിന്റെ പ്രഥമ കർമ്മ ശ്രേഷ്ഠ അവാർഡ്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്ന പുരസ്കാരം ഏറ്റുവാങ്ങുന്നതിനായി രമേശ് ചെന്നിത്തല അമേരിക്കയിൽ എത്തിച്ചേരും.

പെയർലാൻഡ് സിറ്റി മേയർ കെവിൻ കോൾ, മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു എന്നിവർ ചേർന്നാണ് ചെന്നിത്തലയ്ക്ക് പുരസ്കാരം നൽകുന്നത്.

മെയ് 24 നു ഹൂസ്റ്റണിൽ നടക്കുന്ന ഗ്ലോബൽ ഇന്ത്യൻ ഫെസ്റ്റിനോടനുബന്ധിച്ചു നടത്തപ്പെടുന്ന പുരസ്കാര രാവിൽ അവാർഡ് സമ്മാനിക്കും. അമേരിക്ക, യൂറോപ്പ്, ഇന്ത്യ , ഗൾഫ് എന്നിവിടങ്ങളിൽ നിന്നും നിരവധി പ്രമുഖ വ്യക്തികളും ഇന്ത്യൻ ഫെസ്റ്റിനു മാറ്റു കൂട്ടാൻ എത്തിച്ചേരും .

രമേശ് ചെന്നിത്തലയുടെ സാമൂഹ്യ സേവന രംഗത്തെ പ്രവർത്തനങ്ങളാണ് പ്രധാനമായും പുരസ്കാരത്തിന് പരിഗണിച്ചത്. രമേശ് ചെന്നിത്തല കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായിരുന്ന കാലത്ത് ആരംഭിച്ച ഗാന്ധിഗ്രാം പദ്ധതിയിൽ ഇപ്പോഴും സജീവമായി പ്രവർത്തിക്കുന്ന ചെന്നിത്തല പാർശ്വവത്ക്കരിക്കപ്പെട്ട ആയിരക്കണക്കിന് ജനങ്ങൾക്ക് അത്താണിയായി മാറിക്കൊണ്ടിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ദളിത്, ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനവും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരികയും ജീവിത നിലവാരം ഉയർത്തുന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

2014-2016 വരെ അദ്ദേഹം കേരള സംസ്ഥാനത്തിന്റെ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ കേരളത്തിലെ ബ്ലേഡ് മാഫിയകളുടെ അന്ത്യം കുറിക്കുന്നതിനു നടത്തിയ 'ഓപ്പറേഷൻ കുബേര' കേരള ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടും.

15 May – **International Day of Families**
International Day of Families is observed every year on 15 May. Family is the basic unit of society. This day provides an opportunity to raise awareness about the issues related to families and to increase knowledge about the social, economic and demographic processes that affect them.

16 May- **National Dengue Day**
The day is observed (16 May) with the recommendation of the Ministry of Health and Family Welfare, Government of India. Dengue is prevalent across the country. This year due to the COVID-19 pandemic lockdown, awareness campaigns, rallies, etc. regarding Dengue is not organised in the country but can be spread through online.

## കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഡാളസ് ചാപ്റ്ററിന് പുതിയ നേതൃത്വം

**– രാജു തരകൻ**

ഡാളസ്: കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്റർ 2025-26 വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഏപ്രിൽ 6നു മുൻ പ്രസിഡണ്ട് പാസ്റ്റർ തോമസ് മുല്ലക്കലിന്റെ അദ്ധ്യക്ഷതയിൽ മൗണ്ട് സീനായി ചർച്ച് ഓഫ് ഗോഡ് ഹാളിൽ ചേർന്ന ജനറൽ ബോഡി മീറ്റിംഗിൽ ഭാരവാഹികളായി ഷാജി മണിയാറ്റ് (പ്രസിഡണ്ട്), എസ്.പി. ജെയിംസ് (സെക്രട്ടറി), രാജു തരകൻ (ട്രഷറർ), വെസ്‌ലി മാത്യു (മീഡിയ) എന്നിവരെ തിരഞ്ഞെടുത്തു.

കമ്മിറ്റി അംഗംങ്ങളായി വർഗീസ് വർഗീസ്, തോമസ് ചെള്ളേത്ത്, സാം മാത്യു, പാസ്റ്റർ വിൽഫ്രഡ് ഡാർവിൻ, പാസ്റ്റർ തോമസ് മുല്ലക്കൽ എന്നിവരെയും തിരഞ്ഞെടുത്തു.

# 100 അംഗ സംഘടനകളുമായി ഫൊക്കാന; കൺവൻഷനു ഒട്ടേറെ സ്പോൺസർമാർ



ന്യു ജേഴ്സി: 100 സംഘടനകൾ അംഗത്വമെടുത്തതിന്റെ ആഹ്ലാദ പ്രകടനത്തിൽ ഫൊക്കാനയുടെ കൺവെൻഷൻ കിക്കോഫ്, ലോഗോ ലോഞ്ചിങ്, മദേഴ്സ് ഡേ ആഘോഷങ്ങൾ അവിസ്മരണീയമാക്കി.

യുവത്വത്തിന്റെ പ്രസരിപ്പോടെ സൗഹൃദത്തിന്റെ വേദി ഒരുക്കിയ നേതൃത്വം കയ്യടക്കത്തോടെയും കൃത്യമായ ആസൂത്രണത്തോടെയും നടത്തിയ ചടങ്ങിൽ ആഘോഷ പരിപാടികളും കലാപരിപാടികളും ഒന്നിന് പിറകെ മറ്റൊന്നായി ഇതൾ വിടർന്നതും പുതിയൊരനുഭവമായി.

പാറ്റേഴ്സൺ ജോർജ് സിറോ മലബാർ ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ വികാരി ഫാ. സിമ്മി തോമസ് ആമുഖ പ്രസംഗവും പ്രാർത്ഥനയും നടത്തി. പ്രിയ ലൂയിസ് എംസി ആയിരുന്നു.

പ്രവർത്തനനിരതനാവുകയും സമൂഹത്തിനു എന്തെങ്കിലുമൊക്കെ നന്മകൾ ചെയ്യുകയും വേണമെന്ന് ആഗ്രഹിക്കുന്ന വിഭാഗത്തിൽ പെടുന്നയാളാണ് താനെന്ന് പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു. ആ ലക്ഷ്യത്തോടെയാണ് 22 ഇന പരിപാടി പ്രഖ്യാപിച്ചത്. മുൻപ് ഭാഷക്കൊരു ഡോളർ, ഭവന പദ്ധതി എന്നിവയിൽ സംഘടന ചുരുങ്ങിപ്പോയിരുന്നു. എന്നാൽ ഇപ്പോൾ പ്രിവിലിലേജ് കാർഡ്, മെഡിക്കൽ കാർഡ്, ഹൗസിങ്ങ് പ്രൊജക്ട്, സ്കോളർ ഷിപ്പുകൾ, എഡ്യൂക്കേഷൻ ട്രെയിനിങ്, പൊളിറ്റിക്കൽ ഫോറങ്ങൾ, ബിസിനസ്സ് ഫോറങ്ങൾ തുടങ്ങി നിരധി പ്രൊജക്ടുകൾ ഉൾപ്പെടുത്തിയാണ് മുന്നോട്ട് പോകുന്നത്.

ഒരു മലയാളി സംഘടനക്കും 100 അംഗസംഘടനകൾ ഉണ്ടായിട്ടില്ലെന്ന് ജനറൽ സെകട്ടറി ശ്രീകുമാർ ഉണ്ണിത്താൻ പറഞ്ഞു.

ഫൊക്കാനയുടെ പുതിയ ലോഗോയുടെ ലോഞ്ചിംഗ് നടത്തിയെന്ന് ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോജി തോമസ് പറഞ്ഞു.

ട്രസ്റ്റീ ബോർഡ് വൈസ് ചെയർ സതീശൻ നായർ കാലത്തിന്റെ മാറ്റത്തിനു അനുസരിച്ചുള്ള ഒരു ലോഗോയാണ് ഫൊക്കാന തെരെഞ്ഞെടുത്തത് എന്ന് അഭിപ്രായപ്പെട്ടു.

ട്രസ്റ്റീ ബോർഡ് മെമ്പേഴ്സ് ആയ തോമസ് തോമസ്, ടോണി കല്ലുകാവുങ്കൽ എന്നിവരും സന്നിതരായിരുന്നു

ഫൊക്കാനയുടെ പുതിയ ലോഗോ ചാനൽ 24 ന്റെ എക്സിക്യൂട്ടീവ് എഡിറ്റർ ഗോപി കൃഷ്ണൻ നിർവഹിച്ചു. റോക്ലാൻഡ് മൈനോറിറ്റി ലീഡർ ആനി പോൾ, ഐപിസിഎൻഎ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, മധു കൊട്ടാരക്കര എന്നിവരും സംസാരിച്ചു.

പ്രസിഡന്റ് സജിമോൻ, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചക്കപ്പൻ എന്നിവർ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വിവരിച്ചു. ഫൊക്കാന പ്രിവിലെജ് കാർഡും മെഡിക്കൽ കാർഡുമൊക്കെ ഏറെ നേട്ടങ്ങളാണ് നമുക്ക് നൽകുക. പ്രിവിലേജ് കാർഡുള്ളവർക്ക് കൊച്ചി എയർപോർട്ടിൽ പത്തു ശതമാനം ഡിസ്കൗണ്ട് കിട്ടും. മെഡിക്കൽ കാർഡ് കേരളത്തിലെ വിവിധ ആശുപത്രികളിൽ പ്രയോജനപ്പെടും. ഫൊക്കാനയുടെ ഭവനപദ്ധതിക്ക് ശ്രീകുമാർ ഉണ്ണിത്താൻ 55 സെന്റ് സ്ഥലം നൽകിയതും ചാക്കപ്പൻ ചൂണ്ടിക്കാട്ടി

പെൻസിൽവേനിയയിലെ കലഹാരി റിസോർട്ടിൽ അടുത്തവർഷം നടക്കുന്ന കൺവെൻഷന്റെ കിക്കോഫ് സംഗീത സംവിധായകൻ ഷാൻ റഹ്മാൻ നിർവഹിച്ചു. ഫൊക്കാനയുടെ ചാരിറ്റി പദ്ധതികൾ ശ്രദ്ധേയമാണെന്നും അതിനു നേതൃത്വം നൽകുന്ന സജിമോൻ ആന്റണിയെയും ടീമിനെയും അഭിനന്ദിക്കുന്നതായും അദ്ദേഹം പറഞ്ഞു.

എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, വൈസ് പ്രസിഡന്റ് വിപിൻ രാജ്, വിമെൻസ് ഫോറം ചെയർ രേവതി പിള്ള, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, അഡി. ജോയിന്റ് സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, അഡി. ജോയിന്റ് ട്രഷറർ മില്ലി ഫിലിപ്പ്, റീജിയണൽ വൈസ് പ്രസിഡന്റുമാരായ ലിൻഡോ ജോളി, ഫാൻസിമോൾ പള്ളത്തുമഠം, ആന്റേ വർക്കി, ജോസി കരക്കാട്ട്, ബെൻ പോൾ, ഷാജി ശാമുവേൽ നാഷണൽ കമ്മിറ്റി മെംബേഴ്സ് മനോജ് മാത്യു, മത്തായി ചാക്കോ, മേരിക്കുട്ടി മൈക്കൾ, മേരി ഫിലിപ്പ്, ഷിബു ശാമുവേൽ, ഓഡിറ്റർ സ്റ്റാൻലി എത്തിക്കൽ എന്നിവരും കമ്മിറ്റി ചെയർസ് ആയ ജോയി ഇട്ടൻ, ഫിലിപ്പോസ് ഫിലിപ്പ്, സജി പോത്തൻ, മനോജ് വട്ടപ്പള്ളിൽ, ഫ്രാൻസിസ് കരക്കാട്ട്, ലിൻഡോ മാത്യു, ഷിജിമോൻ മാത്യു, ഷിബു മാത്യു എന്നിവരും കിക്കോഫിന് നേതൃത്വം നൽകി.

മാലിനി നായരുടെ നേതൃത്വത്തിലുള്ള സൗപർണികാ ഡാൻസ് അക്കാദമിയുടെയും സാറ്റ്വിക ഡാൻസ് അക്കാദമിയുടെയും, സെന്റ് ജോർജ് ആർട്സ് സ്കൂളിന്റെ കുട്ടികളുടെ ഡാൻസ്, ലിവിങ്സ്റ്റൺ ഡാൻസ് ടീം മെൻസ് ഡാൻസ് തുടങ്ങി വിവിധ നൃത്തങ്ങൾ അവതരിപ്പിച്ചു.

എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് നന്ദി പറഞ്ഞു.



*⇦കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്റർ 2025-26 വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികൾ*

## അരിസോണ സ്‌റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ റെക്കോർഡ് നേട്ടം; 1800 ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ബിരുദം



ടെംപേ: അരിസോണ സ്‌റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ഈ വർഷം 1800 ഇന്ത്യൻ വിദ്യാർത്ഥികൾ ബിരുദം നേടി.

സർവ്വകലാശാലയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഇന്ത്യൻ ബിരുദധാരികളുടെ കൂട്ടമാണിത്. 21,000ത്തിലധികം വിദ്യാർത്ഥികൾ ബിരുദം നേടിയ റെക്കോർഡ് ക്ലാസ്സിൽ 3,000 അന്താരാഷ്ട്ര വിദ്യാർത്ഥികളും ഉൾപ്പെടുന്നു.

അരിസോണ സ്‌റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ അന്താരാഷ്ട്ര വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഇന്ത്യയിൽ നിന്നുള്ളവരാണ്. കേരളത്തിൽ നിന്നുള്ള ഓംകാർ ഷെനോയ്, അന ഗിരീഷ് എന്നിവർ ശ്രദ്ധേയരായ ബിരുദധാരികളിൽ ഉൾപ്പെടുന്നു. വരും വർഷങ്ങളിൽ കൂടുതൽ ഇന്ത്യൻ വിദ്യാർത്ഥികളെ പ്രതീക്ഷിക്കുന്നതായി അരിസോണ സ്‌റ്റേറ്റ് യൂണിവേഴ്സിറ്റി പ്രസിഡന്റ് മൈക്കിൾ ക്രൗ അറിയിച്ചു. മെയ് 10ന് അന്താരാഷ്ട്ര ബിരുദധാരികൾക്കായി സർവ്വകലാശാല ആഘോഷം സംഘടിപ്പിച്ചു.

## ഹൂസ്റ്റൺ റാന്നി അസോസിയേഷൻ സ്പ്രിംഗ് പിക്നിക്ക് സമാപിച്ചു

**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: മലനാടിന്റെ സൗന്ദര്യം നിറഞ്ഞ് നിൽക്കുന്ന മലയോരങ്ങളുടെ റാണിയായ മദ്ധ്യ തിരുവിതാംകൂറിലെ റാന്നിയിൽനിന്ന് അമേരിക്കയിൽ എത്തി ജീവിതം കരുപ്പിടിപ്പിക്കുന്ന ഹൂസ്റ്റൺ റാന്നി നിവാസികളുടെ പിക്നിക്കും കുടുംബ സംഗമവും പ്രകൃതി മനോഹരമായ മിസോറി സിറ്റി കിറ്റി ഹോളോ പാർക്കിൽ ഏപ്രിൽ 27നു ശനിയാഴ്ച്ച നടന്നു.

ജനിച്ചു വളർന്ന നാടിന്റെ മധുര സ്മരണകൾ അയവിറക്കാൻ കിട്ടിയ അവസരം റാന്നിക്കാർ പാഴാക്കിയില്ല. ഗൃഹാതുരുത്വ സ്മരണകൾ പങ്കിട്ട്, കഥകൾ പറഞ്ഞു കവിതകൾ ചൊല്ലി കുടുംബസംഗമത്തെ അന്വർഥമാക്കി മാറ്റിയ ഹൂസ്റ്റൺ റാന്നി അസോസിയേഷൻ അംഗങ്ങളിൽ പലരും അസോസിയേഷൻ മുദ്ര പതിപ്പിച്ച ഓറഞ്ച് ടീ ഷർട്ടും ധരിച്ചു പങ്കെടുത്തപ്പോൾ പിക്നിന് വർണപ്പകിട്ടു ലഭിച്ചു.

വടം വലി, കസേര കളി, വാക് വിത്ത് ലെമൺ, ത്രോവിങ് ദി ബലൂൺ തുടങ്ങി നിരവധി കായിക ഇനങ്ങളോടൊപ്പം റോയ് തീയാടിക്കൽ, ജോൺ തോമസ് (രാജു) തുടങ്ങിയ പ്രമുഖ റാന്നി ഗായകർ പാടിയ പ്രണയഗാനങ്ങൾ പിക്നിക്കിനു മാറ്റുകൂട്ടി. ഈശോ തേവർവേലിൽ, ജോസ് മാത്യു തുടങ്ങിയവരുടെ നേതൃത്വത്തിൽ 'ബാർബിക്യൂ' കൗണ്ടറും സജീവമായിരുന്നു.

പിക്നിക്കിന്റെ ഉദ്ഘാടനം മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ (മാഗ്) പ്രസിഡന്റ് ജോസ് കെ ജോൺ നിർവ്വഹിച്ചു. എച്ച്.ആർ.എ പ്രസിഡന്റ് ബാബു കൂടത്തിനാലിന്റെ അധ്യക്ഷതയിൽ ചേർന്ന സംഗമത്തിൽ സെക്രട്ടറി ബിനു സഖറിയ സ്വാഗതം പറഞ്ഞു. ട്രഷറർ ജിൻസ് മാത്യു കിഴക്കേതിൽ നന്ദി പ്രകാശിപ്പിച്ചു.

ജോയ് മണ്ണിൽ, ജീമോൻ റാന്നി, എബ്രഹാം ജോസഫ് (ജോസ്), മാത്യൂസ് ചാണ്ടപ്പിള്ള, വിനോദ് ചെറിയാൻ, അലക്സ് ളാഹയിൽ, ബാബു കലീന, സജി ഇലഞ്ഞിക്കൽ, ഷീജ ജോസ്, മിന്നി ജോസഫ് റീന സജി, ജോളി തോമസ്, ലീലാമ്മ രാജു, രാജു കെ.നൈനാൻ, ഷിജു ജോർജ്, സജി തച്ചനാലിൽ, ബിജു തച്ചനാലിൽ, ജെഫിൻ നൈനാൻ, ജോമോൻ, റിച്ചാർഡ്, ജൈജു കുരുവിള, സ്റ്റീഫൻ എബ്രഹാം തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പിക്നിക്കിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

16 May- **International Day of Light**
Every year on May 16, people around the world observe the International Day of Light. The day honours the date of physicist and engineer Theodore Maiman's first productive laser operation in 1960. UNESCO's International Basic Science Programme (I.B.S.P.) coordinates the day's celebration on behalf of the United Nations.

17 May – **World Telecommunication Day**
World Telecommunication Day is observed every year on 17 May. It marks the founding of ITU when the first International Telegraph Convention was signed in Paris on 17 May 1865. It is also known as World Telecommunication and International Society Day. Since 1969, it has been celebrated annually.

## നോർത്ത് അമേരിക്ക അതിഭദ്രാസനം കാനഡ റീജനൽ പള്ളി പ്രതിനിധി യോഗം നടന്നു



മിസ്സിസാഗ: നോർത്ത് അമേരിക്ക അതിഭദ്രാസനത്തിന് കീഴിലുള്ള കാനഡ റീജനൽ പള്ളി പ്രതിനിധി യോഗം നടന്നു. മെയ് 10ന് മിസ്സിസാഗയിലെ സെന്റ് പീറ്റേഴ്സ് സിറിയക് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്ന യോഗത്തിൽ അതിഭദ്രാസനാധിപൻ യെൽദോ മാർ തീത്തോസ് അധ്യക്ഷത വഹിച്ചു. ജെറുസലേം മർത്തമറിയം പള്ളി വികാരി വി.വി പൗലോസ് സത്യവിശ്വാസ പ്രമേയം അവതരിപ്പിച്ചു. സെന്റ് പീറ്റേഴ്സ് പള്ളി വികാരി കെ വി പൗലോസ് സ്വാഗതം ആശംസിച്ചു.

ഭദ്രാസന കൗൺസിൽ ജോയിന്റ് സെക്രട്ടറിയും കാനഡ റീജനൽ അഡ്മിനിസ്ട്രേറ്റീവുമായ മനു മാത്യു വാർഷിക റിപ്പോർട്ടും, കൗൺസിൽ അംഗവും കാനഡ റീജനൽ ട്രഷററുമായ ലൈജു ജോർജ് വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. ഓഡിറ്റർ ബേബി തരിയത്ത് ഓഡിറ്റിങ്ങ് റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് കാനഡ റീജനൽ അഡ്വൈസറി ബോർഡ് തിരഞ്ഞെടുപ്പ് നടന്നു. എബി മാത്യു കശീശ, ബിനു കശീശ, ജോസിസ് കശീശ, ജെനു മഠത്തിൽ, എൽദോസ് യോയാക്കി, എബി, അജോയി, ജിൻസ്, ജിനു എന്നിവരെ പുതിയ അഡ്വൈസറി ബോർഡിലേക്ക് തിരഞ്ഞെടുത്തു. ഭദ്രാസന കൗൺസിൽ ട്രഷറർ ജോജി കാവനാൽ, കൗൺസിൽ അംഗം ജിൻസ് മാത്യു എന്നിവർ യോഗത്തിന്റെ മുഖ്യ നിരീക്ഷകരായിരുന്നു.

കാനഡയിലെ വിവിധ പ്രവിശ്യകളിലെ പള്ളികളിൽ നിന്നുള്ള നിരവധി പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. യോഗത്തിനു ശേഷം സ്നേഹ വിരുന്നും സംഘടിപ്പിച്ചിരുന്നു.

## മെസ്‌കീറ്റ് മാർ ഗ്രിഗോറിയോസ് ദേവാലയത്തിൽ മാതൃദിനം ആഘോഷിച്ചു



11നു ഞായറാഴ്ച വികാരി റവ.ഫാ. ബിനു തോമസിന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം കൂടിയ മാതൃദിന സമ്മേളനം ബിനു കൊച്ചമ്മയുടെ ഭക്തിനിർഭരമായ ക്രിസ്തീയ ഗാനാലാപത്തോടെ ആരംഭിച്ചു.

ഫാ. ബിനു തന്റെ പ്രസംഗത്തിൽ നമ്മുടെ അമ്മമാരോടുള്ള ആദരവും സ്നേഹവും പ്രകടിപ്പിക്കാൻ ഒരു പ്രത്യേക ദിവസം ആവശ്യമില്ലെന്നും, എല്ലാ ദിവസവും അവരെ സ്നേഹിക്കാനും, അവർക്കുവേണ്ടി കുറച്ചു സമയം ചെലവഴിക്കാനും നമ്മൾ ശ്രദ്ധിക്കണമെന്നും പ്രത്യേകം എടുത്തു പറഞ്ഞു.

അഷിത സദി, ഐറീൻ ജെയ്ക്കബ് എന്നിവർ അമ്മമാരുടെ ത്യാഗപൂർണ്ണമായ ജീവിതത്തെപ്പറ്റിയും, അവരുടെ ജീവിതത്തിൽ അമ്മമാരുടെ സ്വാധീനത്തെപ്പറ്റിയും സംസാരിച്ചു. അമ്മമാരോടുള്ള ആദര സൂചകമായി എല്ലാ അമ്മമാർക്കും റോസാപ്പൂക്കൾ സമ്മാനിക്കുകയും, കേക്ക് മുറിക്കുകയും ചെയ്തു. ഇതിൽ സംബന്ധിച്ച എല്ലാ അമ്മമാർക്കും ഈ ദിവസം ഓർമ്മയിൽ തങ്ങി നിൽക്കുന്ന ഒരു സുദിനമായിരുന്നു. പ്രിൻസ് ജോൺ എം.സി യായി പ്രവർത്തിച്ചു.

## കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ കാത്തലിക്ക് ചർച്ചിൽ മദേഴ്സ് ഡേ ആഘോഷിച്ചു



**– ലാലി ജോസഫ്**

ഡാളസ്: കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ കാത്തോലിക്കാ ദേവാലയത്തിൽ അമ്മമാരെ ആദരിക്കുകയുണ്ടായി.

ഇടവക വികാരി ഫാ. ജിമ്മി ഇടക്കുളത്തിൽ അമ്മമാരെ അഭിനന്ദിച്ചു. ഗായക സംഘം അമ്മമാർക്കു വേണ്ടി ഗാനമാലപിച്ചു. അതോടൊപ്പം എല്ലാം അമ്മമാർക്കും റോസാ പൂവ് കൊടുത്ത് കൊണ്ട് ആദരിക്കുകയും ചെയ്തു. ഓഡിറ്റോറിയത്തിൽ ഒത്തുകൂടി ഗ്രൂപ്പ് ഫോട്ടോ എടുത്ത് സന്തോഷം പങ്കു വച്ച് അമ്മമാരുടെ ദിനം ആഘോഷമാക്കി. കൈക്കാരന്മാരായ ജോഷി കുര്യാക്കോസ്, രഞ്ജിത്ത് തലക്കോട്ടൂർ, റോബിൻ ജേക്കബ്, റോബിൻ കുര്യൻ എന്നിവർ നേതൃത്വം നൽകി.

## ലീഗ് സിറ്റി മലയാളി സമാജം, ഭവനദാന പദ്ധതിയുമായി സേവന രംഗത്ത്

**– ജീമോൻ റാന്നി**




ടെക്സാസ്: ഭൂരഹിതർക്ക് സൗജന്യ ഭവന പദ്ധതികൾ ആവിഷ്കരിച്ച് ലീഗ് സിറ്റി മലയാളി സമാജം.

കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭവനരഹിതർക്ക് വീടുകൾ വെച്ചുനൽകുന്നതിനാണ് തുടക്കം കുറിച്ചിരിക്കുന്നത്.

പദ്ധതിയുടെ ആരംഭമായി കൊല്ലം ജില്ലയിലേ, ഓർമ്മ വില്ലേജിലായിരിക്കും ആദ്യ ഭവനം നിർമിച്ചു നല്കുന്നത് എന്ന് സംഘടനാ സെക്രട്ടറി ഡോ.രാജ്കുമാർ മേനോൻ അറിയിച്ചു. ഇതിനുള്ള ആദ്യഘട്ട തുക ഓഗസ്റ്റ് 23, 2025 ന് ഓർമ വില്ലേജ് അതോറിറ്റിക്ക് കൈമാറുമെന്നും ട്രഷറർ രാജൻകുഞ്ഞു ഗീവർഗ്ഗിസും അറിയിച്ചു. ധനശേഖരണം, സന്മനസ്സുള്ള അംഗങ്ങളിൽ നിന്നും മറ്റു സ്പോൺസേഴ്സിൽ നിന്നും കണ്ടെത്തുമെന്ന് സംഘടനാ ഭാരവാഹികൾ അറിയിച്ചു. നിർമാണത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ സംഘടനാ വൈസ് പ്രസിഡന്റ് സോജൻ ജോർജ് സ്ഥലം സന്ദർശിക്കും.

എല്ലാകാലത്തും സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി ഒരുപാടു നല്ല പ്രവർത്തികൾ ചെയ്യുന്ന ഒരു സംഘടനയാണ് ലീഗ് സിറ്റി മലയാളി സമാജം. മുൻ വർഷങ്ങളിൽ ചികിത്സാ സഹായത്തിനെന്ന പോലെ, കേരളത്തിൽ ജല പ്രളയം ഉണ്ടായപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും സംഭാവന ചെയ്ത്, സംഘടന കേരളത്തോടൊപ്പം ഉണ്ട് എന്ന് തെളിയിക്കുകയുണ്ടായി.

കൂടുതൽ വിവരങ്ങൾക്ക് സംഘാടകരുമായി ബന്ധപ്പെടേണ്ട നമ്പറുകൾ: പ്രസിഡന്റ് ബിനീഷ് ജോസഫ് 409 256 0873, വൈസ് പ്രസിഡന്റ് ലിഷ ടെൽസൺ 973 477 7775, വൈസ് പ്രസിഡന്റ് സോജൻ ജോർജ് 409 256 9840, സെക്രട്ടറി ഡോ.രാജ്കുമാർ മേനോൻ 262 744 0452, ജോയിന്റ് സെക്രട്ടറി സിഞ്ചു ജേക്കബ് 240 426 1845, ജോയിന്റ് സെക്രട്ടറി ബിജോ സെബാസ്റ്റ്യൻ 409 256 6427, ട്രഷറർ രാജൻകുഞ്ഞ് ഗീവർഗ്ഗീസ് 507 822 0051, ജോയിന്റ് ട്രഷറർ മാത്യു പോൾ 409 454 3472.

## ഹൂസ്റ്റണിലെ ആഫ്റ്റർ അവേഴ്സ് ബാറുകളിൽ റെയ്ഡ് 20 പേർ അറസ്റ്റിൽ

**– പി പി ചെറിയാൻ**

ടെക്സസ്: തെക്കുകിഴക്കൻ ഹൂസ്റ്റണിലെ രണ്ട് ആഫ്റ്റർ അവേഴ്സ് ബാറുകൾ ഹൂസ്റ്റൺ പോലീസ് നടത്തിയ ഏകോപിത റെയ്ഡിൽ ഒറ്റരാത്രിയിൽ നിരവധി പേരെ അറസ്റ്റ് ചെയ്തു.രണ്ട് ബാറുകൾ അടച്ചുപൂട്ടി

ക്ലിയർവുഡ് ഡ്രൈവിന് സമീപമുള്ള ഗൾഫ് ഫ്രീവേയ്ക്ക് പുറത്തുള്ള ഒരു ഷോപ്പിംഗ് സെന്ററിലാണ് ഓപ്പറേഷൻ നടന്നത്, ലാ സോണ ബാർ, ലോഞ്ച് സോണ 45 എന്നും അറിയപ്പെടുന്നു ലോസ് കൊറാലെസ് സൗത്ത് എന്നിവ ലക്ഷ്യമിട്ട്. റെയ്ഡുകൾ ഒരേസമയം നടന്നതായി ഉദ്യോഗസ്ഥർ പറഞ്ഞു.

റെയ്ഡിനിടെ നിരവധി ആളുകളെ അധികൃതർ കസ്റ്റഡിയിലെടുക്കുകയും നിരവധി തോക്കുകളും മയക്കുമരുന്നുകളും കണ്ടെടുക്കുകയും ചെയ്തു. മൊത്തത്തിൽ, 20 പേരെ അറസ്റ്റ് ചെയ്തതായി ഹൂസ്റ്റൺ പോലീസ് പറഞ്ഞു.

ഹൂസ്റ്റൺ മേയർ ജോൺ വിറ്റ്മയർ നിയമവിരുദ്ധമായ ആഫ്റ്റർഅവേഴ്സ് ക്ലബ്ബുകൾക്കെതിരെ നടപടിയെടുക്കാനുള്ള തന്റെ പ്രതിബദ്ധത വീണ്ടും ആവർത്തിച്ചു.

പൊതുജനങ്ങളുടെ സുരക്ഷാ ആശങ്കകൾ ചൂണ്ടിക്കാട്ടി, ശരിയായ ലൈസൻസില്ലാതെയും നിയമപരമായ സമയത്തിനപ്പുറം തുറന്നിരിക്കുന്നതുമായ ഈ സ്ഥാപനങ്ങളെ തടയാൻ പിഴകൾ മാത്രം പോരാ എന്ന് സിറ്റി കൗൺസിൽ നേതാക്കൾ പറഞ്ഞു. അന്വേഷണം തുടരുകയാണെന്നും വരും ആഴ്ചകളിൽ കൂടുതൽ എൻഫോഴ്സ്മെന്റ് നടപടികൾ പ്രതീക്ഷിക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.

## ഹൂസ്റ്റണിൽ ഡബ്ല്യു. എം. സി അന്തർദേശീയ കൺവെൻഷൻ രജിസ്ട്രേഷൻ കിക്ക് ഓഫ്



ഹൂസ്റ്റൺ: വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യു എംസി) അസർബൈജാനിൽ വെച്ച് ജൂൺ 27 മുതൽ 29 വരെ നടത്തുന്ന അന്തർദേശീയ കൺവെൻഷന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് മെയ് 9ന് വൈകിട്ട് 6 മണിക്ക് മിസോറി സിറ്റി അപ്നാ ബസാർ ഹാളിൽ വെച്ച് നടന്നു. ജമ്മു കാശ്മീർ ഭീകരാക്രമണത്തിൽ ജീവൻ പൊലിഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചതിനു ശേഷം സജി പുല്ലാട് പ്രാർത്ഥനാ ഗാനം ആലപിച്ചു.

ഡബ്ല്യു എം സി ഹൂസ്റ്റൺ പ്രൊവിൻസ് പ്രസിഡണ്ട് എസ് കെ ചെറിയാൻ അധ്യക്ഷത വഹിച്ചു.

ഡബ്ല്യു എം സി ഹൂസ്റ്റൺ പ്രൊവൻസിന്റെ 2025– 26 ലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ പ്രവർത്തനോദ്ഘാടന ചടങ്ങിനോട് അനുബന്ധിച്ച് നടന്ന മീറ്റ് ആൻഡ് ഗ്രീറ്റ് സായാഹ്ന സോഷ്യൽ പരിപാടിയിൽ ആയിരുന്നു രജിസ്ട്രേഷൻ കിക്കോഫ് നടത്തിയത്.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഡബ്ല്യുഎംസി ചെയർവുമൺ ഡോ.പൊന്നൂപ്പിള്ള, എസ്.കെ ചെറിയാൻ, രാജേഷ് മാത്യു, ഷിബു വർഗീസ്, തുടങ്ങിയവർ ഭദ്രദീപം തെളിച്ചു.

മേയർ കെൻ മാത്യു, ഐപിസിഎൻഎ ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡണ്ട് സൈമൺ വാളച്ചേരിൽ, ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ഫാ.എബ്രഹാം തോട്ടത്തിൽ എന്നിവർ ആശംസാ പ്രസംഗം നടത്തി.

സിസ്സി രാജേഷ്, റോഷി സി മാലത്ത് എന്നിവർ ഗാനങ്ങൾ ആലപിച്ചു. നൈനാൻ മാത്തുള്ള കാവ്യനർത്തകി എന്ന കവിത ചൊല്ലി.

നെസ്സാ ചാക്കോ എന്ന കൊച്ചു നർത്തകിയുടെ നൃത്തം സദസ്സ് ഹർഷാരവത്തോടെ ഏറ്റെടുത്തു.

സെക്രട്ടറി രാജേഷ് മാത്യു സ്വാഗതവും, എബ്രഹാം തോമസ് നന്ദിയും അർപ്പിച്ചു.

യോഗത്തിൽ ഹൂസ്റ്റണിലെ വിവിധ സംഘടനാ നേതാക്കളായ ബിബിൻ തോമസ്, റോയ് മാത്യു, സുബിൻ കുമാരൻ, ജോജി ജോസഫ് തുടങ്ങി പ്രമുഖ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, നേതാക്കൾ പങ്കെടുത്തു.

അന്തർദേശീയ കൺവെൻഷന്റെ വിജയത്തിലേക്ക് ഡബ്ല്യു എം സി ഹൂസ്റ്റൺ പ്രൊവിൻസിലെ എല്ലാ അംഗങ്ങളും തദവസരത്തിൽ രജിസ്റ്റർ ചെയ്ത് കൺവെൻഷൻ വൻ വിജയമാക്കുവാൻ സഹകരിച്ചതിനെ പ്രശംസിക്കുകയും, പങ്കെടുക്കുവാൻ താല്പര്യമുള്ളവർ എത്രയും വേഗം രജിസ്റ്റർ ചെയ്യണമെന്നും ചെയർ വുമൺ പൊന്നുപിള്ള, പ്രസിഡണ്ട് എസ്.കെ.ചെറിയാൻ, സെക്രട്ടറി രാജേഷ് മാത്യു എന്നിവർ സംയുക്തമായി അറിയിച്ചു. ആൻഡ്രൂസ് ജേക്കബ് പരിപാടിയുടെ എം സി ആയി പ്രവർത്തിച്ചു.

## കേരള അസോസിയേഷൻ ഓഫ് ഡാളസ് മദേഴ്സ് നേഴ്സസ് ദിനംആഘോഷിച്ചു



**– പി പി ചെറിയാൻ**

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസ്, ഇന്ത്യ കൾച്ചറൽ ആന്റ് എഡ്യൂക്കേഷൻ സെന്റർ സംയുക്തമായി മദേഴ്സ് നേഴ്സസ് ദിനം മെയ് 3നു ആഘോഷിച്ചു.

ഗാർലാൻഡ് കേരള അസോസിയേഷൻ കോൺഫ്രൻസ് ഹാളിൽ ശനിയാഴ്ച രാവിലെ 10നു മൗന പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ സ്വാഗതം പറഞ്ഞു.

ഡോ. നാൻസി തോമസ് (പിഎച്ച്.ഡി, എം.എ, ബി.എ., എൽപിസിഎസ്, ഇഎംഡിആർ), ഡോ. വിജി ജോർജ് (ഡിഎൻപി, എം.എ., ആർഎൻസിഐഎൻസി, എൻഇഎബിസി) എന്നിവർ വിവിധ വിഷയങ്ങളെ കുറിച്ച് പ്രഭാഷണം നടത്തി. ഉഷ നായരുടെ കവിത, ദീപ സണ്ണിയുടെ ഗാനം, ദേവിക വിനുവിന്റെ ഡാൻസ്, സൻസ്ക്രെതി അക്കാദമി ഓഫ് പെർഫോമിംഗ് ആർട്സ് ആൻഡ് ലേഡീസ് ഡാൻസ്, കവിത രാജപ്പൻ എന്നിവർ അവതരിപ്പിച്ച പരിപാടികൾ കാണികളുടെ പ്രശംസ നേടി.

അമ്മമാരെയും നഴ്സുമാരെയും ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്നതിനു ഡാളസ് ഫോട്ടവർത്തു മെട്രോപ്ലെക്സിൽ നിന്നും നിരവധി പേർ രാവിലെ തന്നെ എത്തിച്ചേർന്നിരുന്നതായി ജെയ്സി ജോർജ് (സോഷ്യൽ സർവീസ് ഡയറക്ടർ), തോമസ് ഈസോ (സെക്രട്ടറി, ഐസിഇസി) എന്നിവർ അറിയിച്ചു. മഞ്ജിത്ത് കൈനിക്കര (സെക്രട്ടറി) നന്ദി പറഞ്ഞു.

17 May - **World Hypertension Day**
This day is celebrated by World Hypertension League (WHL) on 17 May annually. The day promotes awareness about hypertension and encourages people to prevent and control this silent killer epidemic.

17 May - **National Endangered Species Day** (Third Friday in May)
Every year on the third Friday in May National Endangered Species Day is celebrated annually to raise awareness about the importance of wildlife conservation and restoration efforts for all imperilled species. Endangered Species Act 1973, focuses on the protection of wildlife and threatened species.

# ഫോമായുടെ സമ്മർ ടു കേരള പ്രോഗ്രാം

ഫോമായുടെ സിഗ്നേച്ചർ പദ്ധതികളിലൊന്നായ സമ്മർടു കേരള എഡ്യൂക്കേഷണൽ ടൂർ പ്രോഗ്രാമിന്റെ പ്രവർത്തന കമ്മിറ്റിയിയിലേക്ക് നാല് യുവ പ്രതിനിധികൾ കൂടി എബിൻ ഏബ്രഹാം, അഗ്നസ് ബിജു, സിദ്ധാർത്ഥ് ശ്രീധർ, അൽബർട്ട് പാലത്തിങ്കൽ എന്നിവർ.

അനു സ്കറിയ ചെയർപേഴ്സണായും രേഷ്മ രഞ്ജൻ ഇവന്റ് ആന്റ് പി.ആർ കോർഡിനേറ്ററായും രാജേഷ് പുഷ്പരാജൻ കോർഡിനേറ്ററുമായുള്ള കമ്മിറ്റിയിൽ ഇതോടെ യുവതലമുറക്ക് പ്രാധാന്യമേറി.

ജൂൺ 26,27 തീയതികളിൽ നടത്തപ്പെടുന്ന ഇ ൗ വിദ്യാഭ്യാസ ടൂർ പരിപാടി, അമേരിക്കയിലെ രണ്ടാം തലമുറക്ക് കേരളത്തിന്റെ സമ്പന്നമായ സംസ്കാരവും പൈതൃകവും നേരിട്ട് അനുഭവിക്കുന്നതിനുള്ള അപൂർവ അവസരമാണ്.

ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതോടൊപ്പം ബോട്ടിങ്ങ്, ബീച്ച് സ്റ്റേ തുടങ്ങിയ വിനോദപ്രദമായ അനുഭവങ്ങൾ ഒത്തുചേരുന്ന യാത്ര അവിസ്മരണീയമായിരിക്കും.

പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കും. കേരള സർക്കാരിന്റെ അംഗീകാര പത്രം ലഭിക്കാനും ശ്രമിക്കുന്നു. അത് ഭാവിയിൽ പലരീതിയിൽ പ്രയോജനകരമായിരിക്കും.

സമ്മർ ടു കേരള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാനും യുവാക്കളിലെ സൃഷ്ടിപരമായ ചിന്തയും നേതൃത്വ ശേഷിയും പ്രോത്സാഹിപ്പിക്കാനുമാണ് ഫോമാ യൂത്ത് ഫോറത്തിന്റെ പ്രതിനിധികളെ പ്രവർത്തന കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ ഫോമാ നേതൃത്വം തീരുമാനിച്ചത്. ഇതനുസരിച്ചു ഫോമാ ആർ.വി.പിമാരോട് വിവിധ റീജണുകളിലെ യുവ പ്രതിനിധികളെ നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടു.

യുവ പ്രതിനിധിയായി ഉൾപ്പെടുത്തിയ എബിൻ ഏബ്രഹാം 2022 മുതൽ ഫോമാ നാഷണൽ യൂത്ത് പ്രതിനിധിയാണ്. ഇപ്പോൾ ഫോമാ നാഷണൽ യൂത്ത് ചെയർമാൻ. അമേരിക്കയിൽ വളർന്നുവെങ്കിലും കേരളീയ വേരുകളോട് ദൃഢബന്ധം പുലർത്തുന്ന എബിൻ, മലയാളി അസോസിയേഷൻ ഓഫ് ടാമ്പയിലൂടെ സമൂഹത്തിൽ സജീവമാണ്.

കംപ്യൂട്ടർ എഞ്ചിനീയറിംഗ് കോഴ്സിന്റെ അവസാനവർഷ വിദ്യാർത്ഥിയായ എബിൻ, സംസ്കാരങ്ങൾ തമ്മിലുള്ള പാലങ്ങൾ പണിയാനും പുതിയ തലമുറയെ ശക്തിപ്പെടുത്താനും പ്രതിജ്ഞാബദ്ധനാണ്.

ഇരുപത് വയസ്സുകാരിയായ അഗ്നസ് ബിജു, ഫോമാ യൂത്ത് ഫോറത്തിന്റെ വൈസ് പ്രസിഡന്റാണ്. കാലിഫോർണിയ സർവകലാശാല, ഇർവൈൻ കാമ്പസിൽ ബയോളജിക്കൽ സയൻസ് മൂന്നാം വർഷ വിദ്യാർത്ഥിനിയായ അഗ്നസ്, കേരള അസോസിയേഷൻ ഓഫ് ലോസ് ആഞ്ചലസിനെ പ്രതിനിധീകരിക്കുന്നു.

ഫോമാ ആർ.വി.പി.മാരായ മാത്യു ജോഷ്വ (മെട്രോ), പ്രകാശ് ജോസഫ് (സൗത്ത് ഈസ്റ്റ്), പദ്മരാജ് നായർ (മിഡ് അറ്റലാന്റിക്), ജോൺസൺ ജോസഫ് (വെസ്റ്റേൺ), ജോമോൺ ആന്റണി (സൺഷൈൻ) എന്നിവരുടെ നേതൃത്വത്തിൽ, വിവിധ റീജണുകളിൽ നിന്നുള്ള ഈ യുവ പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് ഫോമാ യൂത്ത് ഫോറത്തിന്റെ ശക്തമായ പിന്തുണ ഉറപ്പാക്കുന്നത്.

റജിസ്ട്രേഷൻ ലിങ്ക്:
https://form.jotform.com/250516901709052

## സമന്വയ കാനഡയെ സൂരജും അനീഷും നയിക്കും

**– ജോയിച്ചൻ പുതുക്കുളം**

ടൊറന്റോ: രാജ്യവ്യാപകമായി പ്രവർത്തിക്കുന്ന കാനഡയിലെ പ്രമുഖ മലയാളി സംഘടനയായ സമന്വയ കൾച്ചറൽ ഓർഗനൈസേഷനെ അടുത്ത രണ്ട് വർഷം സൂരജ് അത്തിപ്പറ്റയും അനീഷ് അലക്സും നയിക്കും.

23 അംഗ കമ്മിറ്റിയെയാണ് സമ്മേളനം തെരഞ്ഞെടുത്തത്. ജോയിൻറ് സെക്രട്ടറിമാർ: ഷാജേഷ് പുരുഷോത്തമൻ, നിശാന്ത് കുര്യൻ. വൈസ് പ്രസിഡണ്ടുമാർ: പ്രേം ജോസഫ്, അനിൽ കുമാർ; ട്രഷറർ: രഞ്ജിത്ത് സൂരി. സെക്രട്ടേറിയറ്റ് അംഗം: സോവറിൻ ജോൺ.

കമ്മിറ്റി അംഗങ്ങൾ:രഞ്ജിത്ത് തോട്ടത്തിൽ, സബിൻ കുമാർ, സുമയ്യ വാസിം, ബിനോയ് പുഷ്പാകരൻ, അർജുൻ പത്മകുമാർ, രഞ്ജിത് രാമചന്ദ്രൻ, സൈറസ് ജോർജ്, മുഹമ്മദ് ഷാ, ദീപ്തി വർമ, ലിജിത ഷാജേഷ്, എം അഭിനേഷ്, ഫാസിൽ മണ്ണാറ, ബിജു വാര്യർ, സുമിത് സുകുമാരൻ, പ്രദീപ് ചേന്നംപള്ളിൽ.

രണ്ട് സബ് കമ്മിറ്റികളെയും യോഗം തെരഞ്ഞെടുത്തു. യൂത്ത് ആന്റ് സ്പോർട്സ്: നിശാന്ത് കുര്യൻധകൺവീനർപ, അർജുൻ പത്മകുമാർ, ജിസ്മോൻ ജോസ്, സുധീർ, ഹേമന്ത് ധസബ് കമ്മിറ്റി അംഗങ്ങൾപ, മീഡിയ: പ്രദീപ് ചേന്നംപള്ളിൽ ധകൺവീനർപ, അനീഷ് ജോസഫ്, ഡേവിസ് ഫെർണാണ്ടസ്, ജിത്തു ദാമോദർ, ആൽഫ ധസബ് കമ്മിറ്റി അംഗങ്ങൾ – ജോസഫ് ജോൺ കാൽഗറി

18 May – **World AIDS Vaccine Day**
Worlds AIDS Vaccine Day or HIV Vaccine Awareness Day is observed every year on 18 May. This day marks the efforts of thousands of researchers, scientists, and health professionals who have contributed to the process of finding safe and effective AIDS medicine. It is also an opportunity to educate communities about the importance of preventive HIV vaccine research.

# മീഡിയ ഇഗ്നൈറ്റ് 2025: ഐപിസിഎൻഎ ഷിക്കാഗോ ചാപ്റ്ററിന്റെ നേതൃത്വത്തിൽ മീഡിയാ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു



**– പ്രസന്നൻ പിള്ള**

ഷിക്കാഗോ: ലോക പത്രസ്വാതന്ത്ര്യ ദിനം ആഘോഷമായി മാറ്റിക്കൊണ്ട് ഇന്ത്യാ പ്രസ്സ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐപിസിഎൻഎ) ഷിക്കാഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ മീഡിയ ഇഗ്നൈറ്റ് 2025 സൗജന്യ മീഡിയാ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

ഫോർ പോയ്ന്റ്സ് ബൈ ഷെറാട്ടൺ, മൗണ്ട് പ്രോസ്പെക്ട് ഒ'ഹെയർ ഹോട്ടലിൽ വെച്ചാണ് ഫോട്ടോഗ്രഫിയുടെയും വീഡിയോ എഡിറ്റിംഗിന്റെയും അടിസ്ഥാനപരമായ അറിവുകൾ പങ്കുവെച്ച വർക്ക്ഷോപ്പ് നടന്നത്.

വർഷങ്ങളോളം പത്രപ്രവർത്തന രംഗത്ത് പ്രവർത്തിച്ചിരുന്ന, 22 വർഷത്തെ അനുഭവസമ്പത്തുള്ള പ്രമുഖ ഫോട്ടോ ജേർണലിസ്റ്റ് ജോർജ് ലെക്ലയർ ആണ് വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്യുകയും നേതൃത്വം നൽകുകയും ചെയ്തത്. ഉദ്ഘാടന പ്രസംഗത്തിൽ ജോർജ് ലെക്ലയർ ജനാധിപത്യത്തിന്റെ സുതാര്യതക്കും ജനശബ്ദം മുഴങ്ങുന്നതിനും മാധ്യമ സ്വാതന്ത്ര്യം നിർണ്ണായകമാണ് എന്ന് ഊന്നിപ്പറഞ്ഞു.

ഐപിസിഎൻഎ ചാപ്റ്റർ ജോയിന്റ് ട്രഷറർ വർഗീസ് പാലമലയിൽ സ്വാഗതം ആശംസിച്ചു. വൈസ് പ്രസിഡന്റ് പ്രസന്നൻ പിള്ള ആമുഖ പ്രസംഗം നടത്തി. ട്രഷററും ഇവന്റ് ചെയർമാനുമായ അലൻ ജോർജ് നന്ദി പ്രസംഗം നിർവഹിച്ചു.

വീഡിയോ എഡിറ്റിംഗ് ക്ലാസ് സെക്ഷൻ അലൻ ജോർജ് തന്നെയാണ് കൈകാര്യം ചെയ്തത്. തത്സമയം ഡെമോയും പ്രായോഗിക പരിശീലനവും നൽകി.

ഐപിസിഎൻഎ മുൻ നാഷണൽ പ്രസിഡന്റും ചാപ്റ്റർ പ്രസിഡന്റുമായിരുന്ന ശിവൻ മുഹമ്മയെ (ശിവ് പണിക്കർ) ചടങ്ങിൽ പ്രത്യേകമായി ആദരിച്ചു. ഇല്ലിനോയിലെ പ്ലെയിൻഫീൽഡ് വില്ലേജ് ട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ ഇന്ത്യൻ വംശജനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ സാമൂഹ്യ സേവന സന്നദ്ധതക്കും നേതൃത്വ പാടവത്തിനുമുള്ള അംഗീകാരമായി ചാപ്റ്റർ അംഗങ്ങളും വിശിഷ്ടാതിഥിയും ചേർന്ന് ഫലകം സമ്മാനിച്ചു. മറുപടി പ്രസംഗത്തിൽ ചാപ്റ്ററിന്റെ പുതിയ ഉദ്യമങ്ങൾക്ക് അദ്ദേഹം വിജയാശംസകൾ നേർന്നു.

അഞ്ജലി മുരളിയാണ് പരിപാടിയുടെ ആങ്കറിംഗ് നിർവഹിച്ചത്. ഐപിസിഎൻഎ ഷിക്കാഗോ ചാപ്റ്ററിലെ അംഗങ്ങളെ ചടങ്ങിൽ വിശേഷമായി പരിചയപ്പെടുത്തി. വർക്ക്ഷോപ്പിൽ പങ്കെടുത്ത എല്ലാവർക്കും പങ്കാളിത്ത സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

വർക്ക്ഷോപ്പ് പരിപാടിക്ക് നിരൻ ജോർജ് (ലെൻസ് എഡ്യൂക്കേഷൻ), ഗോപി നായർ (ഗ്രാറ്റിട്യൂഡ് പ്രാക്ടീഷണറും ബെസ്റ്റ് സെല്ലിംഗ് എഴുത്തുകാരനും), കലവറ ഗ്രോസറി (ഡെസ്പ്ലെയിൻസിലെ ഗ്രോസറിയും കാറ്ററിംഗും), സ്റ്റീവ് ക്രിഫേസ് (ക്രിഫേസ് ലോ ഫേം) എന്നിവരാണ് സ്പോൺസർമാരായത്. അടിസ്ഥാന മാധ്യമ സാക്ഷരതയിലും മാധ്യമസ്വാതന്ത്ര്യത്തിലും ഊന്നൽ നൽകിയ ഈ പരിപാടി ഏറെ പ്രയോജനപ്പെട്ടുവെന്ന് പങ്കെടുത്തവർ പ്രതികരിച്ചു.

പ്രസന്നൻ പിള്ള (630 935 2990), അല്ലൻ ജോർജ് (331 262 1301)

# പഹൽഗാം ഭീകരാക്രമണത്തിന് ഇരയായവർക്കായി സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് ചർച്ചിൽ അനുസ്മരണ പ്രാർത്ഥന



**– രഞ്ജിനി രാമചന്ദ്രൻ**

ന്യൂയോർക്കിലെ സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് ചർച്ച്, പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട 26 പേർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനായി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും മെഴുകുതിരി പ്രകടനവും സംഘടിപ്പിച്ചു. 2025 മെയ് 4ന് നടന്ന ഈ അനുസ്മരണ ചടങ്ങിൽ ഫാ. ജോൺ തോമസും ഫാ.നിനാൻ കെ. ജോർജും മുഖ്യ കാർമ്മികത്വം വഹിച്ചു. ന്യൂയോർക്കിലെ ഇന്ത്യൻ കോൺസുലേറ്റിലെ പ്രസ്, ഇൻഫർമേഷൻ, കൾച്ചർ കോൺസുൽ പ്രഗ്യ സിംഗ് വിശിഷ്ടാതിഥിയായി പങ്കെടുത്ത.

സെക്രട്ടറി ഗീവർഗീസ് യാക്കോബ്, ട്രഷറർ സാജി താമരവേലിൽ എന്നിവരുടെ നേതൃത്വത്തിലുള്ള പള്ളി കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഈ അനുസ്മരണ ചടങ്ങ് സംഘടിപ്പിക്കപ്പെട്ടത്. ഈ ദുഷ്കരമായ സാഹചര്യത്തിൽ, ഈ ചടങ്ങ് പ്രത്യാശയുടെയും പരസ്പര സഹകരണത്തിന്റെയും ഒരു ശക്തമായ പ്രതീകമായി നിലകൊണ്ടു. പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ഓർമ്മകൾക്ക് മുന്നിൽ ഈ സമൂഹം ഒന്നടങ്കം പ്രാർത്ഥനയോടെയും സ്നേഹത്തോടെയും നിലകൊണ്ടു.

# ട്രാൻസ്ജെൻഡറുകൾക്ക് ട്രംപ് ഏർപ്പെടുത്തിയ വിലക്കിനെ പിന്തുണച്ചു യുഎസ് സുപ്രീം കോടതി

**– പി പി ചെറിയാൻ**

സിയാറ്റിൽ: ട്രംപ് ഭരണകൂടം സൈന്യത്തിൽ ട്രാൻസ്ജെൻഡറുകൾക്ക് വിലക്ക് ഏർപ്പെടുത്തിയ നടപടി തുടരുന്നതിന് സുപ്രീം കോടതി ചൊവ്വാഴ്ച ഒരു ഹ്രസ്വ ഉത്തരവ് പുറപ്പെടുവിച്ചു.

ജനനസമയത്ത് ശാസ്ത്രം കണക്കാക്കിയതിൽ നിന്ന് വ്യത്യസ്തമായ ലിംഗഭേദം നടിക്കുന്ന ട്രാൻസ്ജെൻഡർ സേവന അംഗങ്ങളെ സൈന്യത്തിൽ നിന്ന് നീക്കം ചെയ്യാൻ എത്ര സമയമെടുക്കുമെന്ന് അറിയില്ല.

പ്രസിഡന്റ് ട്രംപിന് സുപ്രീം കോടതിയുടെ തുടർച്ചയായ വിജയങ്ങളുടെ ഒരു തരംഗത്തിലെ ഏറ്റവും പുതിയ തീരുമാനം മാത്രമാണ് ഈ തീരുമാനം.

കോവിഡ് വാക്സിൻ നിർബന്ധമാക്കിയും ട്രാൻസ്ജെൻഡർ സൈനികരെ ഡിഇഐ സംരംഭങ്ങളിലൂടെ ചേരാൻ പ്രോത്സാഹിപ്പിച്ചും ബൈഡൻ ഭരണകൂടത്തിന്റെ നടപടിക്കനുകൂലമായി സിയാറ്റിലിൽ സ്ഥിതി ചെയ്യുന്ന യുഎസ് ഡിസ്ട്രിക്റ്റ് ജഡ്ജി ബെഞ്ചമിൻ സെറ്റിലിന്റെ തീരുമാനം സുപ്രീം കോടതി താൽക്കാലികമായി നിർത്തിവച്ചു. ട്രാൻസ്ജെൻഡർ സൈനികരെ നിരോധിക്കാനുള്ള ട്രംപിന്റെ തീരുമാനം ഭരണഘടനാ വിരുദ്ധമാണെന്നും അത് 'പിന്തുണയില്ലാത്തതും നാടകീയവും മുഖഭാവത്തിൽ അന്യായവുമാണെന്നും അദ്ദേഹം വാദിച്ചു.

വൈറ്റ് ഹൗസ് തിരിച്ചുപിടിച്ചതിന് തൊട്ടുപിന്നാലെ, ലിംഗപരമായ ഡിസ്ഫോറിയയുടെ ചരിത്രമോ രോഗനിർണയമോ ഉള്ള ആളുകളെ ഇനി യുഎസ് സൈന്യത്തിന്റെ ഒരു ശാഖയിലും സേവനമനുഷ്ഠിക്കാൻ അനുവദിക്കില്ലെന്ന് പ്രസ്താവിക്കുന്ന ഒരു നിർദ്ദേശം ട്രംപ് പുറപ്പെടുവിച്ചു.

നിലവിൽ ലിംഗപരമായ ഡിസ്ഫോറിയ അനുഭവിക്കുന്ന സേവന അംഗങ്ങളുടെ കൃത്യമായ എണ്ണം അജ്ഞാതമാണ്. എന്നാൽ സൈന്യത്തിന്റെ അഞ്ച് ശാഖകളിലുമായി 14,000 ട്രാൻസ്ജെൻഡർ ആളുകൾ വരെ ഉണ്ടെന്ന് ചിലർ വിശ്വസിക്കുന്നു. എന്നിരുന്നാലും പ്രതിരോധ വകുപ്പിലെ ഒരു മുതിർന്ന ലെവൽ അംഗം നിലവിൽ സേവനമനുഷ്ഠിക്കുന്നത് 4,240 പേർ മാത്രമായിരിക്കാമെന്ന് അഭിപ്രായപ്പെട്ടു.

# മലയാളി അസോസിയേഷൻ ഓഫ്സിയന്നാതുടക്കം

**– എ.സി. ജോർജ്**

ഹൂസ്റ്റൻ: ഗ്രേറ്റർ ഹൂസ്റ്റണിലെ ഫോർട്ബെൻഡ് കൗണ്ടിയിലുള്ള സിയന്നാ മലയാളി നിവാസികൾ പുതിയതായി ആരംഭിച്ചമലയാളി അസോസിയേഷൻ ഓഫ് സിയന്നായുടെ ഉദ്ഘാടനം നടന്നു.

മിസോറി സിറ്റി മേയർ റോബിൻ എലക്കാട്, ജോസ് തോട്ടുങ്കൽ, ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, എ.സി.ജോർജ്, സിനിമാതാരം ബാബു ആന്റണി, മറ്റു അസോസിയേഷന്റെ ഏതാണ്ട് 50 ഓളം അഡ്ഹോക് കമ്മറ്റി അംഗങ്ങളും സ്റ്റേജിൽ എത്തി നിലവിളക്ക് കൊളുത്തുകയും തുടർന്ന് അസോസിയേഷന്റെ ലോഗോ മേയർ റോബിൻ എലക്കാട് പ്രകാശന കർമ്മം നിർവഹിക്കുകയും ചെയ്തു.

സിയന്ന നിവാസികൾക്ക് പരസ്പരം പരിചയപ്പെടാനും സൗഹാർദ്ദ ബന്ധങ്ങൾ പുതുക്കാനും, സഹായിക്കാനും ഉള്ള ഒരു വേദിയാണ് മാസ് എന്നും, മറ്റ് നിലവിലുള്ള എല്ലാ സംഘടകളുമായി സഹകരിച്ച് തന്നെ പ്രവർത്തിക്കുമെന്ന് സംഘാടകർ പറഞ്ഞു. തൽക്കാലം ഇലക്റ്റഡ് ഭാരവാഹികൾ ഇല്ലാതെ വളണ്ടിയർ ആയി വന്ന ഒരു കമ്മിറ്റിയാണ് ഈ അസോസിയേഷനിൽ മുഖ്യമായി പ്രവർത്തിച്ചു വരുന്നത്. ഏതായാലും പ്രവർത്തനങ്ങൾ ജനകീയവും സുതാര്യവും ആയിരിക്കുമെന്ന് പ്രവർത്തകർ പറഞ്ഞു.

പബ്ലിക് മീറ്റിംഗ് തുടങ്ങിയ വിവിധ കാര്യപരിപാടികളിലേക്ക് സ്വാഗതം ആശംസിച്ചുകൊണ്ട് ലിജീഷ് ലോനപ്പൻ പ്രസംഗിച്ചു. പരിപാടികളുടെ അവതാരകരായി ഷെറിൻ തോമസ്, ഷിജി മാത്തൻ, ക്രിസ്റ്റീനാ ഇടക്കുന്നത്തു, അനിത ജോസഫ് തുടങ്ങിയവർ പ്രവർത്തിച്ചു.

ലതീഷ് കൃഷ്ണൻ, എൽസിയ ഐസക്, പുഷ്പ ബ്രിജിട് ബേബി, ജോയ്സ് ജിജു, ക്രിസ്റ്റിന ഷാജു, ഷിജിമോൻ ജേക്കബ് തുടങ്ങിയവർ യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഡോക്ടർ റെജി കൂട്ടുത്താറ നന്ദി രേഖപ്പെടുത്തി പ്രസംഗിച്ചു.

വിവിധ കലാപരിപാടികൾക്ക് ആരംഭം കുറിച്ചത് നൂപുര സ്കൂൾ ഓഫ് ഡാൻസ് അവതരിപ്പിച്ച സമൂഹ സ്വാഗത നൃത്തത്തോടെയാണ്. അതിൽ ശിവനന്ദ ബൈജു, ക്രിസ് മേരി പ്രദീപ്, സാറ സെബാസ്റ്റ്യൻ, നിരഞ്ജന സരിൽ, ഏതന ഫിലിപ്പ്, ഇസ്സ ജോസഫ് തുടങ്ങിയവരാണ് പങ്കെടുത്തത്. തുടർന്ന് ക്രിസ്റ്റീന സ്റ്റീഫൻ, അഞ്ചു അലക്സ്, ഡീന അലക്സ്, ഡയാന സെബാസ്റ്റ്യൻ, അനു ബാബു തോമസ്, റോസ്മിൻ റോയ്, സ്റ്റെഫി തോമസ്, സീന വിൽസൺ, പുഷ്പ ബ്രിജിറ്റ് ബേബി എന്നിവരുടെ സമൂഹ നൃത്തം ആയിരുന്നു. മെറിൽ സക്കറിയയുടെ ഗാനവും, അഞ്ജലീന ബിജോയ്, അലീന അലക്സ്, അലോണ ജോസഫ്, ആഞ്ചല ജോസഫ് എന്നിവർ വൈവിധ്യമേറിയ നൃത്തങ്ങൾ അവതരിപ്പിച്ചു.

# ജോൺ ടൈറ്റസിന്റെ ജീവിതകഥ ഏവിയേഷൻ ആൽക്കെമിസ്റ്റ് പ്രകാശനം ചെയ്തു



**– എ.എസ് ശ്രീകുമാർ**

സൗത്ത് ഫ്ളോറിഡ: വ്യോമയാന മേഖലയിൽ കൈയൊപ്പ് ചാർത്തി ലോകശ്രദ്ധയാകർഷിച്ച പ്രമുഖ മലയാളി വ്യവസായിയും സാമൂഹികസാംസ്കാരിക പ്രവർത്തകനുമായ ജോൺ ടൈറ്റസിന്റെ ജീവിതാനുഭവങ്ങൾ വരച്ചുകാട്ടുന്ന 'ഏവിയേഷൻ ആർക്കെമിസ്റ്റ്' എന്ന പുസ്തകത്തിന്റെ പ്രകാശനം സൗത്ത് ഫ്ളോറിഡ മാർത്തോമ ചർച്ച് വികാരി റവ. ഡോ.ജേക്കബ് ജോർജ് പ്രകാശനം ചെയ്തു.

മാർത്തോമ ചർച്ച് ഫെലോഷിപ്പ് ഹാളിൽ നടന്ന ചടങ്ങിൽ ജോൺ ടൈറ്റസും ഭാര്യ കുസുമം ടൈറ്റസും ചേർന്ന് പുസ്തകത്തിന്റെ ആദ്യ കോപ്പി നൽകി പ്രകാശനം നിർവഹിക്കുകയുമായിരുന്നു.

ജോസ് തോമസ് സി.പി.എ പുസ്തക രചയിതാവായ ജോൺ ടൈറ്റസിന്റെ പരിചയപ്പെടുത്തി.

റവ. ഡോ. എബി എബ്രഹാം (സെന്റ് തോമസ് മലങ്കര ഓർത്തഡോക്സ് ചർച്ച്), റവ. ഫാ.ജോർജ് ഇളമ്പോശേരിൽ (സീറോ മലബാർ കാത്തലിക് ചർച്ച്), റവ.ഫാ.ജോർജ് ജോൺ(സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഇന്ത്യ), റവ.സുകു ഫിലിപ്പ് (സെന്റ് ലൂക്ക് മാർത്തോമാ ചർച്ച്), റവ. ഫാ.സന്തോഷ് തോമസ് (മലങ്കര ചർച്ച്), റവ. ഫാ.ഷോൺ മാത്യു (സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച്) എന്നിവർ പ്രസംഗിച്ചു.

രഞ്ജിത്ത് രാമചന്ദ്രൻ (എം.എ.എസ്.സി മയാമി), സുനിൽ തൈമറ്റം (ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക), ബിനു ചിലമ്പത്ത് (കാനാനായ കമ്മ്യൂണിറ്റി), ബിജു ജോസഫ് (കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡ പ്രസിഡന്റ്), വർഗീസ് ജേക്കബ് (കൈരളി ആർട്സ് ക്ലബ് പ്രസിഡന്റ്), സൈമൺ പറത്താഴം (നവകേരള ആർട്സ് ക്ലബ് പ്രസിഡന്റ്), സണ്ണി വള്ളിക്കളം (ഫോമാ) തുടങ്ങിയവരും ആശംസകൾ നേർന്നു. ജോൺ ടൈറ്റസും ഭാര്യ കുസുമം ടൈറ്റസും കൃതജ്ഞത പറഞ്ഞു.

എയ്റോനോട്ടിക്കൽ ടെക്നോളജിയിൽ ബിരുദം സ്വന്തമാക്കിയ ഇദ്ദേഹം 1984ൽ സിയാറ്റിലിൽ എയ്റോ കൺട്രോൾസ് ഇൻകോർപറേറ്റഡ് എന്ന പ്രസ്ഥാനം ആരംഭിച്ചു. എഫ്.എ.എ (ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ) സർട്ടിഫിക്കേഷനുള്ള റിപ്പയർ കേന്ദ്രമായ എയ്റോ കൺട്രോൾസ് അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന പ്രസ്ഥാനമായി വളർന്നതിന് പിന്നിൽ രാജ്യാന്തര നിലവാരവും മികച്ച സേവനവും ആകർഷകമായ നിരക്കുമാണ്.

എയ്റോ കൺട്രോൾസിന് 1985ൽ ഫെഡറൽ ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചതോടെ ജോൺ ടൈറ്റസ് പടിപടിയായി തന്റെ കമ്പനി വിപുലപ്പെടുത്തി. ഇന്ന് 300ഓളം ജീവനക്കാരുള്ള വലിയ പ്രസ്ഥാനമാണ് എയ്റോ കൺട്രോൾസ് ഇൻകോർപറേറ്റഡ്.

2000ൽ കാലിഫോർണിയയിലെ ഫ്രീമോണ്ടിൽ നടന്ന ഫൊക്കാനയുടെ 10-ാം അന്താരാഷ്ട്ര കൺവൻഷന്റെ ചെയർമാനായിരുന്ന ജോൺ ടൈറ്റസ് ഫൊക്കാന വെസ്റ്റേൺ റീജിയൻ വൈസ് പ്രസിഡന്റ്, ഫൊക്കാന ചാരിറ്റി ചെയർമാൻ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഫൊക്കാനയുടെ പിളർപ്പോടെ ഫോമായിലെത്തി സജീവ പ്രവർത്തകനായി. ഫോമാ അധ്യക്ഷനായിരുന്ന കാലഘട്ടത്തിൽ കേരളത്തിൽ 40 ഓളം നിർധന കുടുംബങ്ങൾക്ക് വീടുകൾ വച്ചു നല്കി.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ കുഴിനാപ്പുറത്ത് കെ.കെ ജോൺ പൊന്നമ്മ ദമ്പതികളുടെ മകളായ കുസുമം ആണ് ജോൺ ടൈറ്റസിന്റെ ഭാര്യ. ഫോമയുടെ വിമൻസ് ഫോറം ചെയർ പേഴ്സണായിരുന്നു കുസുമം ടൈറ്റസ്. ജോബി, ജീന, ജൂലി എന്നിവർ മക്കൾ.

# റവ.ഫാ.റെജിൻ രാജുവിന് ഡാളസ് വിമാനത്താവളത്തിൽ സ്വീകരണം നൽകി



**– പി.പി ചെറിയാൻ**


ഡാളസ്: ഡാളസ് സെന്റ് പോൾസ് മാർത്തോമാ ഇടവക വികാരിയായി ചുമതലയേൽക്കുന്നതിനു മെയ് ആറിന് വൈകിട്ട് ഡാളസിൽ എത്തിച്ചേർന്ന റവ. റെജിൻ രാജു അച്ചനും കുടുംബത്തിനും ഡിഎഫ്ഡബ്ല്യു വിമാനത്താവളത്തിൽ ഊഷ്മള സ്വീകരണം നൽകി. ഇടവക വൈസ് പ്രസിഡന്റ് തോമസ് അബ്രഹാം ട്രസ്റ്റിമാരായ ജോൺ മാത്യു, സക്കറിയാ തോമസ്, സോജി സ്കറിയാ (ഇടവക സെക്രട്ടറി) അൽമായ ശുശ്രൂഷകന്മാരായ രാജൻകുഞ്ഞു സി. ജോർജ്,കോരുത്, മണ്ഡലം അംഗം ജിനു, അസംബ്ലി അംഗം തോമസ് ഈശോ, ഭദ്രാസന കൗൺസിൽ അംഗം ഷാജി രാമപുരം, കമ്മറ്റി അംഗങ്ങൾ എന്നിവർ വിമാനത്താവളത്തിൽ അച്ചനെ സ്വീകരിച്ചു.



⇦ *സിയന്നാ മലയാളി നിവാസികൾ പുതിയതായി ആരംഭിച്ചമലയാളി അസോസിയേഷൻ ഓഫ് സിയന്നായുടെ ഉദ്ഘാടനത്തിൽ നിന്നും*

# സർജൻ ജനറലായി ഡോ.കേസി മീൻസിനെ നിയമിച്ചു

– പി പി ചെറിയാൻ



വാഷിംഗ്ടൺ ഡിസി: സർജൻ ജനറലിലേക്കുള്ള ഡോ. ജാനറ്റ് നെഷൈവാട്ടിന്റെ നാമനിർദ്ദേശം പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പിൻവലിച്ച് പകരം ഡോ.കേസി മീൻസിനെ നിയമിക്കുകയാണെന്ന് വൈറ്റ് ഹൗസ് ബുധനാഴ്ച പ്രഖ്യാപിച്ചു. നെഷൈവാട്ടിന്റെ സെനറ്റ് സ്ഥിരീകരണ വാദം കേൾക്കൽ ആരംഭിക്കുന്നതിന് തൊട്ടുമുമ്പാണ് വാർത്ത വന്നത്.

കേസിക്ക് ക്രോണിക് ഡിസീസ് എപ്പിഡെമിക്കിനെ മറികടക്കുന്നതിനും ഭാവിയിൽ എല്ലാ അമേരിക്കക്കാർക്കും മികച്ച ആരോഗ്യം ഉറപ്പാക്കുന്നതിനും ആരോഗ്യമനുഷ്യ സേവന സെക്രട്ടറി റോബർട്ട് എഫ്. കെന്നഡി ജൂനിയറുമായി അടുത്ത് പ്രവർത്തിക്കും.അവരുടെ അക്കാദമിക് നേട്ടങ്ങളും, ജീവിതകാലം മുഴുവൻ പ്രവർത്തിച്ചിട്ടുള്ളതും, തികച്ചും മികച്ചതാണ്. ഡോ. കേസി മീൻസ്, യുണൈറ്റഡ് സ്റ്റേറ്റ്സ് ചരിത്രത്തിലെ ഏറ്റവും മികച്ച സർജൻ ജനറൽമാരിൽ ഒരാളാകാനുള്ള കഴിവുണ്ട്. ഡോ. ജാനറ്റ് നെഷൈവാട്ടിനൊപ്പം പ്രവർത്തിക്കാൻ സെക്രട്ടറി കെന്നഡി ആഗ്രഹിക്കുന്നു.ട്രംപ് ട്രൂത്ത് സോഷ്യലിലെ ഒരു പോസ്റ്റിൽ പറഞ്ഞു.

# ന്യൂയോർക്കിലെ ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയത്തിന്റെ പ്രധാന തിരുന്നാൾ 16 മുതൽ

**– അനൂപ് മുകളേൽ**

ന്യൂയോർക്ക്: ലോങ് ഐലൻഡ് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിലെ ഇടവക മധ്യസ്ഥനായ വിശുദ്ധ എസ്തപ്പാനോസ് സഹദായുടെ തിരുന്നാൾ മെയ് 16മുതൽ 18 വരെ ആഘോഷിക്കുന്നു. തിരുന്നാൾ തിരുകർമ്മങ്ങളിൽ സംബന്ധിക്കുവാനും വിശുദ്ധന്റെ അനുഗ്രഹം പ്രാപിക്കുവാനും ഏവരെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

16 വെള്ളിയാഴ്ച തിരുനാളിനു തുടക്കം കുറിച്ചുകൊണ്ട് വൈകുന്നേരം 7:30 ന് ഇടവക വികാരി ഫാ. മാത്യു മേലേടത്തിന്റെ നേതൃത്വത്തിൽ കൊടിയേറ്റ് നടത്തപ്പെടും. തുടർന്ന് ലദീഞ്ഞും, നൊവേനക്കും ശേഷം ബിഷപ്പ് ജെയിംസ് അത്തിക്കളം (സാഗർ രൂപത) മരിച്ചവരെ അനുസ്മരിച്ചുകൊണ്ടുള്ള വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്.

17 ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് ഫാ.ജോണി ചെങ്ങളം (വികാരി, ബ്ലെസ്ഡ് സാക്രമന്റ് ചർച്ച്, സൈപ്രസ് ഹിൽസ്, ന്യൂയോർക്ക്) കാർമികത്വത്തിൽ ലദീഞ്ഞും വിശുദ്ധ കുർബാനയും, തിരുന്നാൾ സന്ദേശവും നൽകുന്നതാണ്. തുടർന്ന് സ്നേഹവിരുന്നും ഇടവകയിലെ കൂടാര യോഗങ്ങൾ അവതരിപ്പിക്കുന്ന കലാസന്ധ്യയും ഉണ്ടായിരിക്കുന്നതാണ്.

18 ഞായറാഴ്ച രാവിലെ 10:30ന് ഫാ. ജോസ് തറക്കൽ (വികാരി സെൻറ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയം ഡിട്രോയിറ്റ്) പ്രധാന കാർമികത്വത്തിൽ ആഘോഷമായ തിരുന്നാൾ കുർബാന നടത്തപ്പെടും.

തുടർന്നു പി.കെ.സി. ചെണ്ടമേളം ഫിലാഡൽഫിയ അവതരിപ്പിക്കുന്ന വാദ്യഘോഷ ചെണ്ട മേളത്തോടുകൂടി പ്രൗഢഗംഭീരമായ തിരുന്നാൾ പ്രദിക്ഷണം. അതിനുശേഷം സ്നേഹവിരുന്നും കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കുവാൻ പള്ളിയങ്കണത്തിൽ വിവിധ മിനിസ്ട്രികളുടെ മേൽനോട്ടത്തിൽ കാർണിവലും ഉണ്ടായിരിക്കുന്നതാണ്. വിശുദ്ധ എസ്തപ്പാനോസ് സഹദായുടെ കല്ലും തൂവാലയും എഴുന്നള്ളിക്കുവാനുള്ള സൗകര്യം വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ സജ്ജീകരിക്കുന്നതാണ്.

ഇടവക തിരുന്നാൾ ഭക്തി നിർഭരവും ആഘോഷപ്രദവുമാക്കുവാൻ ഇടവക വികാരി ഫാ. മാത്യു മേലേടത്ത്, കൈക്കാരന്മാരായ അനി നെടുംതുരുത്തിൽ, എബ്രഹാം നെടുംതൊട്ടിയിൽ, ജെയിംസ് നികർത്തിൽ, മാത്യു ഇഞ്ചനാട്ട്, സാക്രിസ്റ്റി ജോമോൻ ചിലമ്പത് എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ഒരുക്കങ്ങളും പുരോഗമിക്കുന്നു.

18 May - **International Museum Day**
International Museum Day is observed on 18 May every year to raise awareness about the museum and its role in society. The International Council of Museums (ICOM) created International Museum Day in 1977. The organisation suggested a proper theme every year which may include globalisation, bridging cultural gaps and care for the environment.

18 May – **Armed Forces Day** (Third Saturday of the May)
Armed Forces Day is celebrated on the third Saturday of every May. This day is celebrated to pay tribute to the men and women who served in the United States Armed Forces.

# നാഷണൽ എക്സലൻസ് അവാർഡ് ട്രാവൻകൂർ ഫൗണ്ടേഷന്റെ അമരക്കാരൻ ജിജി ഫിലിപ്പിന്




ന്യൂഡൽഹി: വയോജന പരിപാലനരംഗത്ത് വ്യത്യസ്തമായതും, ആശാവഹമായതും, പ്രവർത്തനം കൊണ്ട് ഒന്നാം സ്ഥാനത്തേക്ക് ഉയർന്ന കേരള ത്തിലെ മികച്ച മൂന്ന് വയോജന പരിപാലന കേന്ദ്രങ്ങളുടെ സ്ഥാപകനായ ജിജി ഫിലിപ്പിന് ദീപിക നാഷണൽ എക്സലൻസ് അവാർഡ് സമ്മാനിച്ചു. ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി.നദ്ദയാണ് പുരസ്കാരം നൽകിയത്. വിവിധ രംഗങ്ങളിൽ പ്രഗത്ഭരായ നിരവധി വ്യക്തികളും അവാർഡ് സ്വീകരിച്ചു.

ഡൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ നടന്ന ചടങ്ങിൽ രാഷ്ട്രദീപിക ലിമിറ്റഡ് ചെയർമാൻ ഡോ. ഫ്രാൻസിസ് ക്ലീറ്റസ് അധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടർ ഫാ.മൈക്കിൾ വെട്ടിക്കാട്ട് ആമുഖപ്രഭാഷണം നടത്തി. ദീപിക എഡിറ്റർ (നാഷണൽ അഫയേഴ്സ്) ജോർജ് കള്ളിവയലിൽ, രാഷ്ട്രദീപിക ലിമിറ്റഡ് ഡയറക്ടർ ഫാ. സൈമൺ പള്ളുപ്പെട്ട എന്നിവർ പ്രസംഗിച്ചു.

ഇന്ത്യയിലെ ആദ്യ അക്രഡിറ്റഡ് വയോജന സദനമെന്ന പേര് ഇന്ന് ട്രാവൻകൂർ ഫൗണ്ടേഷന്റെ പേരിലാണ്. എം.എസ്. (ക്ലിനിക്കൽ സ്പെഷ്യാലിറ്റി ഇൻ ഏജിംഗ്), എം.ഫിൽ (ജെറന്റോളജിയിൽ ഗൈഡൻസും കൗൺസിലിംഗും), ജെറന്റോളജിയിൽ പിഎച്ച്.ഡി. നേടിയ ഡോ.രേണു ഏബ്രഹാം വർഗീസ് ആണ് ഫൗണ്ടേഷന്റെ ചെയർപേഴ്സൺ.

നിലവിൽ നൽകുന്ന സൗകര്യങ്ങൾ മോനിപ്പള്ളിയിൽ ആരംഭിക്കുന്ന വയോജനമന്ദിരത്തിലും നൽകുമെന്ന് ജിജി ഫിലിപ്പ് പറഞ്ഞു.

കൂടുതൽ വിവരങ്ങൾക്ക്; ജോയി കുറ്റിയാനി: 954 708 6614, ജിജി ഫിലിപ്പ്: +91 954 471 7070, +91 984 719 9755.

www.travancorefoundation.com
email: care@travancorefoundation.com

# കേരളാ ലിറ്ററി സൊസൈറ്റി ദ്വൈവാർഷിക സമ്മേളനം രജിസ്ട്രേഷനു തുടക്കമായി



ഡാലസിലെ കേരളാ ലിറ്ററി സൊസൈറ്റി ആതിഥേയരായി ഡാലസ്സിൽ ഒക്ടോബർ 31, നവംബർ 1,2 തിയ്യതികളിൽ സംഘടിപ്പിക്കുന്ന ദ്വൈവാർഷിക സമ്മേളനത്തിന്റെ രജിസ്ട്രേഷൻ ശുഭാരംഭം സാഫ്രാൻസിസ്കോയിലെ ലാനസർഗ്ഗവേദി സാഹിത്യ ക്യാമ്പിൽ വച്ചു നടന്നു. കെഎൽഎസ്സ് സെക്രട്ടറിയായ ഹരിദാസ് തങ്കപ്പൻ (ഡാലസ്) സമ്മേളനത്തിന്റെ രൂപരേഖയും പ്രഥമവാർത്താചിത്രവും അവതരിപ്പിച്ചു.

ആദ്യ രജിസ്ട്രേഷൻ ഗീത ജോർജ് (കാലിഫോർണിയ), കെ എൽ എസ്സ് പ്രതിനിധിയായി തോമസ് മാത്യു (ഷാജി), ലാന പ്രസിഡന്റ് ശങ്കർ മന, ജോയിന്റ് സെക്രട്ടറി ജോൺ കൊടിയൻ എന്നിവർ ചേർന്ന് സ്വീകരിച്ചു.

എം.എസ്.ടി. നമ്പൂതിരി, എബ്രഹാം തെക്കേമുറി, എബ്രഹാം തോമസ്, ജോസഫ് നമ്പിമഠം, ജോസ് ഓച്ചാലിൽ, ജോസൻ ജോർജ് എന്നിവർ ലാനാ പ്രസിഡന്റുമാരായി സംഘടനയെ നയിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രസിഡന്റ് ശങ്കർമനയും (ടെന്നസി) സെക്രട്ടറി സാമുവൽ യോഹന്നാൻ (ടെക്സാസ്) ട്രഷറർ ഷിബു പിള്ള (ടെന്നസി) എന്നിവരാണ്.

അമേരിക്കയിലെ എല്ലാ മലയാളസാഹിത്യപ്രേമികളെയും 2025 ലാനയും കേരള ലിറ്ററി സൊസൈറ്റിയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

Registration details Link: https://forms.gle/cvnq9PbkXGXgthWVA

LANA website: https://lanalit.org/



*ഹൂസ്റ്റൺ റാന്നി നിവാസികളുടെ പിക്നിക്കും കുടുംബ സംഗമവും മിസോറി സിറ്റി കിറ്റി ഹോളോ പാർക്കിൽ നടത്തിയപ്പോൾ. വാർത്ത 3-ാം പേജിൽ*

# മകളെ കൊലപ്പെടുത്തിയതിന് മുൻ മിയാമി നഴ്സിന് ജീവപര്യന്തം തടവ് ശിക്ഷ

– പി പി ചെറിയാൻ

മിയാമിഡേഡ്: ഏഴു വയസ്സുള്ള വളർത്തു പുത്രിയെ കൊലപ്പെടുത്തിയ മാതാവിനെ ജീവപര്യന്തം തടവിന് വിധിച്ചു. ബുധനാഴ്ച മിയാമിഡേഡ് കോടതിയാണ് ശിക്ഷ വിധിച്ചത്.

മുൻ മിയാമി നഴ്സായ 56 കാരിയായ ഗിന ഇമ്മാനുവലിന് ഫസ്റ്റ് ഡിഗ്രി കൊലപാതകത്തിന് ജഡ്ജി ക്രിസ്റ്റീന മിറാൻഡ ജീവപര്യന്തം തടവും, കുട്ടികളെ ദുരുപയോഗം ചെയ്തതിന് 30 വർഷം തടവ് ശിക്ഷയും വിധിച്ചു. 2018ൽ ദത്തുപുത്രിയായ സമയയുടെ മരണത്തിൽ ഏപ്രിൽ 15ന് ജൂറി അവർ കുറ്റക്കാരിയാണെന്ന് കണ്ടെത്തിയിരുന്നു.

ദത്തെടുത്ത നാല് സഹോദരങ്ങളിൽ ഒരാളാണ് കൊല്ലപ്പെട്ടത്.ഇ ൗ വർഷം സമയക്ക് 14 വയസ്സ് തികയുമായിരുന്നു.

2025 ഏപ്രിൽ 30 ബുധനാഴ്ച മിയാമിയിലെ ഗെർസ്റ്റൈൻ ജസ്റ്റിസ് ബിൽഡിംഗിൽ വെച്ച് തന്റെ 7 വയസ്സുള്ള മകൾ സമയ ഗോർഡനെ കൊലപ്പെടുത്തിയതിനാണ് ദത്തെടുത്ത അമ്മ ഗിന ഇമ്മാനുവലിനെ ജീവപര്യന്തം തടവിന് ശിക്ഷിച്ചത്.

സമയയുടെ മരണശേഷം ഗിന ഇമ്മാനുവലിന്റെ നഴ്സിംഗ് ലൈസൻസ് വിവാദത്തിന്റെ കേന്ദ്രമായിരുന്നു.

സമയയുടെ മരണത്തിലേക്ക് നയിച്ച ദുരുപയോഗവും അവഗണനയും റിപ്പോർട്ട് ചെയ്യുന്നതിൽ പരാജയപ്പെട്ടുവെന്ന് ചൂണ്ടിക്കാട്ടി, 2020 ഒക്ടോബറിൽ ഫ്ലോറിഡ ബോർഡ് ഓഫ് നഴ്സിംഗ് അവരുടെ ലൈസൻസ് റദ്ദാക്കുന്നതുവരെ അവർ നഴ്സായി ജോലി തുടർന്നു.

## പെൻസിൽവാനിയയിൽ കാറപകടം: രണ്ട് ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ദാരുണാന്ത്യം; സഹായവുമായി കോൺസുലേറ്റ്

ഒഹായോയിലെ ക്ലീവ്‌ലാൻഡ് സ്റ്റേറ്റ് യൂണിവേഴ്‌സിറ്റിയിലെ രണ്ട് ഇന്ത്യൻ വിദ്യാർത്ഥികൾ പെൻസിൽവാനിയയിലെ ലങ്കാസ്റ്റർ കൗണ്ടിയിൽ ഉണ്ടായ വാഹനാപകടത്തിൽ ദാരുണമായി മരിച്ചു.

സൗരവ് പ്രഭാകർ (23), മാനവ് പട്ടേൽ (20) എന്നിവരാണ് മരിച്ചത്. മെയ് 10ന് പുലർച്ചെ 7 മണിയോടെയായിരുന്നു അപകടം. അവർ സഞ്ചരിച്ചിരുന്ന വാഹനം പെൻസിൽവാനിയ ടേൺപൈക്കിന്റെ കിഴക്കൻ പാതയിൽ നിന്ന് നിയന്ത്രണം തെറ്റി റോഡിന് പുറത്തുള്ള ഒരു മരത്തിൽ ഇടിക്കുകയും തുടർന്ന് ഒരു പാലത്തിൽ ഇടിക്കുകയുമായിരുന്നു എന്ന് പ്രാദേശിക പോലീസ് അറിയിച്ചു.

സൗരവ് ആയിരുന്നു വാഹനം ഓടിച്ചിരുന്നത്. മാനവ് മുൻ സീറ്റിൽ യാത്ര ചെയ്യുകയായിരുന്നു. ഗുരുതരമായ പരിക്കുകളോടെ ഇരുവരും സംഭവസ്ഥലത്ത് തന്നെ മരിച്ചു. ഇവരുടെ മരണം അപകടം മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. പേര് വെളിപ്പെടുത്താത്ത മൂന്നാമതൊരാൾ വാഹനത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തെ റീഡിംഗ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ ആരോഗ്യനിലയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല. ന്യൂയോർക്കിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഈ ദാരുണ സംഭവത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും മരിച്ച വിദ്യാർത്ഥികളുടെ കുടുംബങ്ങൾക്ക് എല്ലാവിധ സഹായവും നൽകുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

## വൈവിധ്യമാർന്ന കലാ കായിക മേളകളോടെ റിവർസ്റ്റോൺ ഒരുമ പിക്നിക്ക് ആവേശോജ്വലമായി സമാപിച്ചു

– ജീമോൻ റാന്നി

ഹൂസ്റ്റൺ: ഔവർ റിവർസ്റ്റോൺ യുണൈറ്റഡ് മലയാളി അസോസിയേഷന്റെ (ഒരുമ) സ്പ്രിംഗ് പിക്നിക്ക് പ്രകൃതി മനോഹരമായ കിറ്റി ഹോളോ പാർക്കിൽ വ്യത്യസ്തമായ സ്പോർട്ട്സ്, ഗയിംസ്, കൾച്ചറൽ പ്രോഗ്രം എന്നിവയോട് കൂടി നടത്തപ്പെട്ടു.

കുട്ടികൾ മുതൽ മുതിർന്നവർ വരെ ആവേശത്തോടെ മൽസരിച്ച് പിക്നിക്ക് ഉല്ലാസ പ്രദമാക്കി.

കേരളാ സ്റ്റൈൽ ബ്രേക്ക് ഫാസ്റ്റ്, ഇടവേളകളിലെ ലൈവ് ഓംലെറ്റ്, സംഭാരം, ലമണേഡ്,ഡോണട്ട്സ് എന്നിവയും വെസ്റ്റേൺ സ്റ്റൈൽ ലഞ്ചും രുചിയോട് കൂടി കുടുംബാംഗങ്ങൾ ആസ്വദിച്ചു.

സമാപന സമ്മേളനത്തിൽ ഒരുമ പ്രസിഡന്റ് ജിൻസ് മാത്യു അധ്യക്ഷത വഹിച്ചു.

ജഡ്ജ് ജൂലി മാത്യു മൽസര വിജയികൾക്ക് ട്രോഫി നൽകി. പ്രോഗ്രാം കോഓർഡിനേറ്റർ ഡോ.ജോസ് തൈപ്പറമ്പിൽ, വൈസ് പ്രസിഡന്റ് റീനാ വർഗീസ്, ട്രഷറർ നവീൻ ഫ്രാൻസിസ്, മേരി ജേക്കബ്, വിനോയി സിറിയക്ക്, റോബി ജേക്കബ്, സെലിൻ ബാബു എന്നിവർ പ്രസംഗിച്ചു.

വിവിധ കമ്മിറ്റി കോഓർഡിനേറ്റേഴ്സായ ജിജി പോൾ, സീനാ അഷറഫ്, സോണി പാപ്പച്ചൻ, ആൻറ്റു വെളിയെത്ത്, അമൃതാ സബാസ്റ്റ്യൻ, ജോബി ജോസ്, മാത്യു ചെറിയാൻ, ഷാജി വർഗീസ്, രഞ്ചു സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി

ജിൻസ് മാത്യു റാന്നി അറിയിച്ചതാണിത്.

# ഗ്രെയ്റ്റർ ന്യൂയോർക്ക് കേരളാ സമാജം പ്രവർത്തനോദ്ഘാടനം നടന്നു




– മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: അമേരിക്കയിലെ ഏറ്റവും പുരാതനമായ മലയാളീ സംഘടന കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ 2025ലെ വാർഷിക പ്രവർത്തനോദ്ഘാടനവും വിഷു-ഈസ്റ്റർ ആഘോഷവും വർണ്ണോജ്ജ്വലമായി നടത്തപ്പെട്ടു. ഫ്ലോറൽ പാർക്കിലുള്ള ടൈസൺ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് കഴിഞ്ഞ ദിവസം നടത്തപ്പെട്ട ചടങ്ങിൽ സമാജത്തിന്റെ മുൻ പ്രസിഡന്റുമാർ ഉൾപ്പടെ നിരവധി പേർ പങ്കെടുത്തു. സമാജം പ്രസിഡന്റ് സജി എബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈസ്റ്റർ ആശംസ നേരുന്നതിനും വിഷു ആശംസ നേരുന്നതിനും പ്രത്യേകം ക്ഷണിക്കപ്പെട്ട വിശിഷ്ട വ്യക്തികളും പങ്കെടുത്തു.

പതിവിലുള്ള പരിപാടികളിൽ നിന്നും വ്യത്യസ്തമായി മുൻ പ്രസിഡന്റുമാരെ കോർത്തിണക്കി പുതുതായി രൂപീകരിക്കപ്പെട്ട പ്രസിഡന്റ്സ് ഫോറം ഉദ്ഘാടനം ശ്രദ്ധേയമായി. അമ്പത്തിരണ്ട് വർഷം പൂർത്തീകരിച്ച് അൻപത്തിമൂന്നാമത്തെ വർഷത്തിന്റെ പ്രവർത്തനത്തിന് തുടക്കമെന്നോണം സമാജത്തിന്റെ വളർച്ചയ്ക്കും ഇന്നത്തെ നിലയിൽ എത്തുന്ന രീതിയിൽ സംഘടനയെ നേരായ പാതയിൽ നയിച്ചതിലും പ്രധാന പങ്ക് വഹിച്ച മുൻ വർഷങ്ങളിലെ പ്രസിഡന്റുമാരെ ഓരോരുത്തരെയും സ്റ്റേജിലേക്ക് വിളിച്ച് അവരെ ആദരിച്ചതും വികാരനിർഭരമായ മുഹൂർത്തങ്ങൾക്കാണ് വഴിയൊരുക്കിയത്.

സമാജം സെക്രട്ടറി മാത്യുക്കുട്ടി ഈശോ ചടങ്ങിൽ പങ്കെടുത്ത ഏവരെയും യോഗത്തിലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്തു. ഏപ്രിൽ 21ന് ഈ ലോകത്തിൽ നിന്നും വിട പറഞ്ഞ ആഗോള കത്തോലിക്കാ സഭയുടെ നാഥനും ലാളിത്യത്തിന്റേയും ലോകനന്മയുടെയും പ്രതീകവുമായ പോപ്പ് ഫ്രാൻസിസ് മാർപ്പാപ്പയുടെ ഓർമ്മകൾക്ക് മുൻപിലും, ഏപ്രിൽ 22ന് കശ്മീരിലെ പഹൽഗാമിൽ ഭീകരരുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട വിനോദ സഞ്ചാരികളായിരുന്ന നമ്മുടെ സഹോദരങ്ങളുടെ വേർപാടിന്റെ ദുഃഖത്തിലും, സമാജത്തിന്റെ വിവിധ പദവികളിൽ സേവനം അനുഷ്ഠിച്ചതും നമ്മിൽ നിന്നും വേർപെട്ടു പോയതുമായ മുൻനേതാക്കളുടെ നിസ്വാർഥ സേവനങ്ങളുടെയും സ്നേഹത്തിന്റെയും ഓർമ്മകളിൽ പ്രണാമം അർപ്പിച്ചു അനുശോചനം രേഖപ്പെടുത്തി.

സമാജത്തിന്റെ 2025ലെ ഔദ്യോഗിക ചുമതലക്കാരുടെ സാന്നിദ്ധ്യത്തിൽ പ്രതിനിധിയായി പ്രസിഡന്റ് സജി എബ്രഹാം, ട്രസ്റ്റീ ബോർഡ് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ബോർഡ് ചെയർമാൻ വിൻസെന്റ് സിറിയക്ക്, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ പ്രതിനിധിയായി ലീലാ മാരേട്ട്, മുൻ പ്രസിഡന്റുമാരുടെ സാന്നിദ്ധ്യത്തിൽ പ്രതിനിധിയായി പ്രഥമ പ്രസിഡന്റ് പ്രൊഫ. ജോസഫ് ചെറുവേലിൽ, വിശിഷ്ട അതിഥികളായ ഫാദർ യേശുദാസ്, ഡോ. മധു ഭാസ്കരൻ, ഫൊക്കാനയെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഫോമായെ പ്രതിനിധീകരിച്ച് ജോയിന്റ് സെക്രട്ടറി പോൾ പി ജോസ് എന്നിവർ നിലവിളക്ക് കത്തിച്ച് പ്രവർത്തനോദ്ഘാടനം നടത്തിയതായി പ്രസിഡന്റ് സജി എബ്രഹാം പ്രഖ്യാപിച്ചു. ട്രസ്റ്റീ ബോർഡ് ചെയർമാൻ വിൻസെന്റ് സിറിയക് സ്വാഗതം പറഞ്ഞു.

ത്യാഗത്തിന്റെയും സമാധാനത്തിന്റെയും രക്ഷയുടെയും സന്ദേശം ഉൾക്കൊണ്ടുകൊണ്ട് മലങ്കര കാത്തലിക്ക് വൈദികനും മേഴ്സി ഹോസ്പിറ്റൽ ചാപ്ലെയിനുമായ ഫാദർ യേശുദാസ് ഈസ്റ്റർ സന്ദേശം നൽകി. വിളവെടുപ്പിന്റെയും, പുതുവർഷത്തിന്റേയും, സമ്പൽസമൃദ്ധിയുടെയും, മാനവികതയുടേയും സന്ദേശത്തിലൂന്നി പ്രശസ്ത കിഡ്നി രോഗ വിദഗ്ദ്ധനും നൂറു കണക്കിന് കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി പ്രശസ്തനുമായ ഡോ. മധു ഭാസ്കരൻ വിഷു സന്ദേശം നൽകി. അതോടൊപ്പം ഏവരുടെയും മാനസികോല്ലാസത്തിനായി ആഘോഷത്തിന്റെ പ്രതീകമായി കലാതരംഗിണി ഡോ.റിയ ജോണിന്റെ യും കലാമണ്ഡലം മേരി ജോണിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട അതിമനോഹര നൃത്ത വിരുന്നും, സിവിൽ എൻജിനീയർ കൂടിയായ ഗായിക മഹിമ ജേക്കബ്ബിന്റെ ശ്രവണസുന്ദര ഗാനങ്ങളും, അനുഗ്രഹീത ഗായകൻ പ്രേം കൃഷ്ണയുടെ നാടൻ പാട്ടുകളുടെ അടിപൊളി ഗാനപെരുമഴയും പങ്കെടുത്ത ഏവരേയും ആഘോഷ കൊടുമുടിയിൽ എത്തിച്ചു. ജിനു ആൻ മാത്യു അവതാരകയായി അതിമനോഹരമായി പരിപാടികൾ ഇടതടവില്ലാതെ നിയന്ത്രിച്ചു.

പ്രസിഡന്റ് ഫോറം ഉദ്ഘാടനത്തിനായി സമാജം ട്രഷററും മുൻ പ്രസിഡന്റുമായ വിനോദ് കെയാർക്കേ മുൻ പ്രസിഡന്റുമാരെ പേര് വിളിച്ച് വേദിയിലേക്ക് ക്ഷണിച്ചപ്പോൾ ഹർഷാരവത്തോടെ സദസ്സ് ഓരോരുത്തരേയും സ്റ്റേജിലേക്ക് ആനയിച്ച് ബൊക്കെ നൽകി സ്വീകരിച്ചു. അത് മുൻ പ്രസിഡന്റുമാർക്ക് അഭിമാനത്തിന്റേയും ആദരവിന്റേയും മുഹൂർത്തങ്ങൾ സമ്മാനിച്ചു. ചടങ്ങിൽ സന്നിഹിതരായിരുന്ന എല്ലാ മുൻ പ്രസിഡന്റുമാരും വേദിയിൽ നിരന്നു നിന്നപ്പോൾ നിലവിലെ സമാജം പ്രസിഡന്റ് ഏവർക്കും ആശംസകൾ അർപ്പിച്ച് പ്രസിഡന്റ്സ് ഫോറം രൂപീകരിക്കപ്പെട്ട് ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു. പ്രഥമ പ്രസിഡന്റ് പ്രൊഫ. ജോസഫ് ചെറുവേലിൽ മരണത്തിലൂടെ ഈ ലോകത്തിൽ നിന്നും വേർപെട്ടു പോയ മുൻ പ്രസിഡന്റുമാരുടെ പേരുകൾ വായിച്ച് അവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. ഫോറം കോർഡിനേറ്റർ മുൻ പ്രസിഡന്റ് ഷാജു സാം പ്രസിഡന്റ്സ് ഫോറം രൂപീകരിച്ചതിലുള്ള നന്ദി രേഖപ്പെടുത്തി എല്ലാവർക്കും ആശംസകൾ അർപ്പിച്ചു.

യുവാക്കളെ സമാജത്തിന്റെ അംഗത്വത്തിലേക്ക് പ്രവേശിപ്പിക്കുന്നതിന്റെ ഭാഗമായി യുവ ഐ.ടി. വിദഗ്ദ്ധനായ ടിക്കു മാമ്മൻ കോശിയിൽ നിന്നും അഡ്മിഷൻ ഫോം പ്രഥമ പ്രസിഡന്റ് പ്രൊഫ.ചെറുവേലിൽ കൈപ്പറ്റി. ട്രഷറർ വിനോദ് കെയാർക്കേ നന്ദി പറഞ്ഞു.



*ഔവർ റിവർസ്റ്റോൺ യുണൈറ്റഡ് മലയാളി അസോസിയേഷന്റെ പിക്ക്നിക്കിൽ നിന്നും*

## ജോൺ എഫ്. കെന്നഡി പ്രൊഫൈൽ ഇൻ കറേജ് അവാർഡ് മൈക്ക് പെൻസിന്



ബോസ്റ്റൺ: 2020 ലെ തിരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള ഡൊണാൾഡ് ട്രംപിന്റെ ശ്രമം പരാജയപ്പെടുത്തിയതിന് മുൻ വൈസ് പ്രസിഡന്റ് മൈക്ക് പെൻസിനെ ഞായറാഴ്ച രാത്രി ആദരിച്ചു.

അനന്തരഫലങ്ങൾ പരിഗണിക്കാതെ സ്വന്തം മനസ്സാക്ഷിയെ പിന്തുടരുന്ന പൊതുപ്രവർത്തകർക്ക് വർഷം തോറും നൽകുന്ന ജോൺ എഫ്. കെന്നഡി പ്രൊഫൈൽ ഇൻ കറേജ് അവാർഡ് പെൻസിന് നൽകി. '2021 ജനുവരി 6 ന് പ്രസിഡന്റ് അധികാരത്തിന്റെ ഭരണഘടനാപരമായ കൈമാറ്റം ഉറപ്പാക്കാൻ തന്റെ ജീവിതവും കരിയറും സമർപ്പിച്ചതിന്' പെൻസിനെ അംഗീകരിക്കുന്നുവെന്ന് ജോൺ എഫ്. കെന്നഡി പ്രസിഡൻഷ്യൽ ലൈബ്രറി ആൻഡ് മ്യൂസിയം ഒരു പ്രസ്താവനയിൽ പറഞ്ഞു.

ബോസ്റ്റണിലെ ജെഎഫ്കെ ലൈബ്രറിയിൽ നിന്ന് രാത്രി 8:30 ന് ആരംഭിച്ച തത്സമയ സംപ്രേക്ഷണ ചടങ്ങിൽ ജെഎഫ്കെയുടെ മകൾ കരോലിൻ കെന്നഡിയും ചെറുമകൻ ജാക്ക് ഷ്ലോസ്ബെർഗും അവാർഡ് സമ്മാനിച്ചു.

നമ്മുടെ രാഷ്ട്രീയ വ്യത്യാസങ്ങൾക്കിടയിലും, യുഎസ് ക്യാപിറ്റലിനു നേരെയുണ്ടായ ആക്രമണത്തിനിടെ 2020ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് സാക്ഷ്യപ്പെടുത്താൻ വൈസ് പ്രസിഡന്റ് പെൻസ് തീരുമാനിച്ചതിനേക്കാൾ വലിയ ഒരു പ്രവൃത്തി സങ്കൽപ്പിക്കാൻ പ്രയാസമാണ്.

ആ ദിവസം യുഎസ് ക്യാപിറ്റലിലേക്ക് ഇരച്ചുകയറിയ ജനക്കൂട്ടം തൂക്കിക്കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയ മുൻ വൈസ് പ്രസിഡന്റ്, അവാർഡ് ലഭിച്ചതിൽ തനിക്ക് 'അഗാധമായ വിനയവും ബഹുമാനവും' ഉണ്ടെന്ന് പറഞ്ഞു. ചെറുപ്പം മുതൽ പ്രസിഡന്റ് ജോൺ എഫ്. കെന്നഡിയുടെ ജീവിതവും വാക്കുകളും പ്രചോദനം നൽകിയിട്ടുണ്ട്, മുൻകാലങ്ങളിൽ ഈ അംഗീകാരം ലഭിച്ച നിരവധി വിശിഷ്ട അമേരിക്കക്കാരുടെ കൂട്ടായ്മയിൽ ചേരാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും പെൻസ് ജെഎഫ്കെ ലൈബ്രറിയുടെ പ്രസ്താവനയിൽ പറഞ്ഞു.

## ഗ്യാസ് കാർ നിരോധനം തടയാൻ 35 ഡെമോക്രാറ്റുകൾ ജിഒപിക്കൊപ്പം വോട്ട് ചെയ്തു

ന്യൂയോർക്: ന്യൂസോമിന്റെ ഗ്യാസ് കാർ നിരോധനം അനുവദിക്കുന്ന ബൈഡൻ നിയമം തടയാൻ 35 ഡെമോക്രാറ്റുകൾ ജിഒപിക്കൊപ്പം വോട്ട് ചെയ്തു.നിയമം തടയാൻ വോട്ട് ചെയ്തവരിൽ 2 കാലിഫോർണിയ ഡെമോക്രാറ്റുകളും ഉൾപ്പെടുന്നു.

2035 ഓടെ കാലിഫോർണിയയ്ക്ക് ഗ്യാസ് കാറുകൾക്ക് പൂർണ്ണ നിരോധനം നടപ്പിലാക്കാൻ വഴിയൊരുക്കിയ ബൈഡൻ ഭരണകൂടത്തിന്റെ 11-ാം മണിക്കൂർ ഇളവിനെ മുപ്പത്തിയഞ്ച് ഹൗസ് ഡെമോക്രാറ്റുകൾ വിമർശിച്ചു.

ബൈഡൻ കാലഘട്ടത്തിലെ പരിസ്ഥിതി സംരക്ഷണ ഏജൻസി (ഇപിഎ) നീക്കം റദ്ദാക്കാൻ ലക്ഷ്യമിട്ടുള്ള റിപ്പബ്ലിക്കൻ പ്രമേയം വ്യാഴാഴ്ച രാവിലെ 246നെതിരെ 164 വോട്ടുകൾക്ക് പാസാക്കി. റിപ്പബ്ലിക്കൻ നേതാക്കൾ പ്രമേയം പാസായതിനെ ആഹ്ലാദത്തോടെ സ്വീകരിച്ചു.

സ്വന്തം സംസ്ഥാനത്തിന്റെ ഊർജ്ജ ഇളവ് റദ്ദാക്കാൻ വോട്ട് ചെയ്ത 35 പേരിൽ രണ്ട് കാലിഫോർണിയ ഹൗസ് ഡെമോക്രാറ്റുകൾ ലൂ കൊറിയ, ജോർജ്ജ് വൈറ്റ്സൈഡ്സ് എന്നിവരുൾപ്പെടുന്നു.

കോൺഗ്രഷണൽ റിവ്യൂ ആക്ടിന് കീഴിലുള്ള വിയോജിപ്പ് പ്രമേയം, ഫെഡറൽ ഏജൻസികൾ നിർമ്മിച്ച ഏകപക്ഷീയമായ നിയമങ്ങളെ എതിർക്കാൻ നിയമനിർമ്മാതാക്കൾക്ക് ഒരു സംവിധാനത്തെ അനുവദിക്കുന്നു.

ഈ വർഷം ഫെബ്രുവരി അവസാനത്തിൽ ട്രംപ് ഭരണകൂടം ഇളവ് പുനപരിശോധിക്കാൻ കോൺഗ്രസിനോട് ആവശ്യപ്പെട്ടു. ഇത് ജിഒപി നിയന്ത്രണത്തിലുള്ള ഹൗസിനും സെനറ്റിനും കീഴിൽ സാധ്യമായ റദ്ദാക്കലിന് വഴിയൊരുക്കി

20 May- **International HR Day**

The European Association for People Management established HR Day in 2019 with the goal of highlighting the important role that HR professionals and practices play within the organization and increasing public awareness of the changing demands and vital role that HR professionals play in today's dynamic workplace and their crucial role in the success of organizations.

## നേപ്പർവില്ലിൽ സിറ്റി കൗൺസിലിൽ ആദ്യത്തെ ഇന്ത്യൻ അമേരിക്കൻ അംഗമായി സയിദ്



– പിപിഎം

ഇലിനോയിലെ നേപ്പർവില്ലിൽ സിറ്റി കൗൺസിൽ അംഗമായി പ്രമുഖ സാമൂഹ്യ നേതാവ് അഷ്ഫാഖ് സയിദ് സത്യപ്രതിജ്ഞ ചെയ്തു. അദ്ദേഹത്തിന്റെ കുടുംബവും സുഹൃത്തുക്കളും സാമൂഹ്യ നേതാക്കളും പങ്കെടുത്തു.

ഉത്തരവാദിത്തത്തോടും സത്യസന്ധതയോടും പ്രവർത്തിക്കുമെന്നു സയിദ് പ്രസംഗത്തിൽ പറഞ്ഞു.നേപ്പർവിൽ പബ്ലിക് ലൈബ്രറി പ്രസിഡന്റ് തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുള്ള സയിദ് കൗൺസിൽ അംഗമായി തിരഞ്ഞെടുത്ത വോട്ടർമാർക്കു നന്ദി പറയുകയും അവരുടെ പ്രതീക്ഷകൾക്കൊത്തു ഉയരുമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

നേപ്പർവിൽ കൗൺസിൽ അംഗമാവുന്ന ആദ്യത്തെ ഇന്ത്യൻ അമേരിക്കനും മുസ്‌ലിമുമാണ് സയിദ്.

## ബെൽവിൽ സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ സിറോ മലബാർ മിഷനെ ഇടവകയായി ഉയർത്തി



ഒന്റാറിയോ: ബെൽവിൽ സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ സിറോ മലബാർ മിഷനെ ഇടവകയായി ഉയർത്തി. മിഷൻ നൈറ്റ് 2025 പരിപാടിയിലെ പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ ആണ് ഇടവക ഉയർത്തലിന്റെ ഉത്തരവ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

മതബോധനം പ്രിൻസിപ്പൽ അരുൺ തോമസ് സ്വാഗതം പറഞ്ഞു. വികാരി ഫാ.ജോണി കുന്നത്ത് അധ്യക്ഷത വഹിച്ചു. ഡോ.വർഗീസ് കോശി, ട്രസ്റ്റി ജോൺസ് ജോസഫ് എന്നിവർ പ്രസംഗിച്ചു. പൊതുസമ്മേളനത്തെ തുടർന്ന് മതബോധ വിദ്യാർഥികളും ഇടവക അംഗങ്ങളും ചേർന്ന് സാംസ്കാരിക പരിപാടികൾ അവതരിപ്പിച്ചു.

ഏപ്രിൽ 27ന് ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ സിറോ മലബാർ മിഷനിൽ കുർബാന അർപ്പിക്കുകയും തുടർന്ന് കേക്ക് മുറിച്ച് ഇടവക ഉയർത്തൽ ആഘോഷിക്കുകയും ചെയ്തു. 2015ലാണ് സിറോ മലബാർ മിഷൻ സ്ഥാപിതമായത്.

## വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഫാമിലി നൈറ്റിൽ വ്യത്യസ്ത പരിപാടികൾ



ന്യു യോർക്ക്: വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഫാമിലി നൈറ്റ് വ്യത്യസ്ത പരിപാടികളോടെ മേയ് 10ന് 4ന് നടക്കുമെന്ന് പ്രസിഡന്റ് തോമസ് കോശി, സെക്രട്ടറി നിരീഷ് ഉമ്മൻ എന്നിവർ അറിയിച്ചു. മൗണ്ട് പ്ലസന്റ് കമ്യൂണിറ്റി സെന്ററാണ് വേദി

ആന്റോ കണ്ണാടൻ, ടെറൻസൺ തോമസ് എന്നിവരാണ് പ്രോഗ്രാം കോർഡിനേറ്റർമാർ.

ഫാമിലി നൈറ്റിലേക്ക് സ്വാഗതം ചെയ്യുന്നതായി പ്രസിഡന്റ് തോമസ് കോശി, വൈസ് പ്രസിഡന്റ് ഏലമ്മ തോമസ്, സെക്രട്ടറി നിരീഷ് ഉമ്മൻ, ട്രഷറർ അലക്സാണ്ടർ വർഗീസ്, ട്രസ്റ്റി ബോർഡ് ചെയർ കെ.ജെ. ഗ്രിഗറി, ജോ. ട്രഷറർ മോളമ്മ വർഗീസ് തുടങ്ങിയവർ അറിയിച്ചു.

## ഡാളസ് എപ്പിസ്കോപ്പൽ രൂപത ബിഷപ്പ് കോഡ്ജൂട്ടറായി റവ.റോബ് പ്രൈസിനെ തിരഞ്ഞെടുത്തു



ഡാളസ്: ഡാളസ് എപ്പിസ്കോപ്പൽ രൂപത ബിഷപ്പ് കോഡ്ജൂട്ടറായി റവ.റോബ് പ്രൈസിനെ തിരഞ്ഞെടുത്തു. ഡാളസ് എപ്പിസ്കോപ്പൽ രൂപതയുടെ ബിഷപ്പ് ആർ.സംനർ വിരമിക്കുമ്പോൾ, പ്രൈസ് രൂപതയുടെ എട്ടാമത്തെ ബിഷപ്പാകും.

2025 മെയ് 3 ശനിയാഴ്ച സെന്റ് മൈക്കിൾ ആൻഡ് ഓൾ ഏഞ്ചൽസിൽ വെച്ച് നടന്ന ഒരു പ്രത്യേക കൺവെൻഷനിൽ, രൂപതയിലെ സഭകളെ പ്രതിനിധീകരിക്കുന്ന വൈദികരും സാധാരണ പ്രതിനിധികളും ചേർന്നാണ് ബിഷപ്പ് കോഅഡ്ജൂട്ടർ എലക്റ്റിനെ തിരഞ്ഞെടുത്തത്. സന്നിഹിതരായ 134 പേരിൽ 82 വൈദിക വോട്ടുകളും, 151 പേർ സന്നിഹിതരായിരുന്ന 77 അല്മായ വോട്ടുകളും ഉപയോഗിച്ച് രണ്ടാം റൗണ്ട് ബാലറ്റിംഗിലാണ് പ്രൈസിനെ തിരഞ്ഞെടുത്തത്. തിരഞ്ഞെടുപ്പിന് ഒരേ റൗണ്ടിലെ വൈദികരുടെയും അല്മായരുടെയും ഭൂരിപക്ഷ വോട്ടുകൾ, അതായത് 50% പ്ലസ് വൺ വോട്ട്, ആവശ്യമായിരുന്നു.

നിലവിൽ സെന്റ് മാത്യൂസ് കത്തീഡ്രലിന്റെ ഡീനാണ് പ്രൈസ്. സെപ്റ്റംബറിൽ ചർച്ച് ഓഫ് ദി ഇൻകാർനേഷനിൽ നടക്കുന്ന ചടങ്ങിൽ അദ്ദേഹത്തെ ബിഷപ്പ് കോഡ്ജൂട്ടറായി നിയമിക്കും. എപ്പിസ്കോപ്പൽ ചർച്ച് രൂപതകളുടെ അധികാരപരിധിയിലുള്ള ബിഷപ്പുമാരുടെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും സമ്മതം ലഭിക്കുന്നതുവരെ.

ഡാളസ് എപ്പിസ്കോപ്പൽ രൂപതയിലെ അസിസ്റ്റന്റ് ബിഷപ്പ് റവ. റവ. ഫ്രേസർ ലോട്ടൺ, ലോങ് വ്യൂവിലെ ട്രിനിറ്റി എപ്പിസ്കോപ്പൽ ചർച്ചിന്റെ റെക്ടർ റവ. ഡോ. ബിൽ കരോൾ എന്നിവരും മറ്റ് നോമിനികളിൽ ഉൾപ്പെടുന്നു.

21 May – **National Anti-Terrorism Day**
National Anti-Terrorism Day is observed every year on May 21 to spread awareness about the violence caused by terrorists and also in memory of former Indian PM Rajiv Gandhi, who passed away on this day.

21 May- **International Tea Day**
The world observes International Tea Day on May 21. It aims to recognise the contributions of the tea industry and promote fair trade and investment in the area. Also, International Tea Day includes giving recognition to tea and the people who work in the tea business.
22 May - International Day for Biological Diversity
International Day for Biological Diversity is observed on 22 May every year to increase awareness and understanding of the issues of biodiversity.

## മാർത്തോമൈറ്റ് പ്രീമിയർ ലീഗ് 2025: സെഹിയോൻ മാർത്തോമ യുവജനസഖ്യം ചാമ്പ്യന്മാർ

**– മാർട്ടിൻ വിലങ്ങോലിൽ**

ഡാളസ്: മാർത്തോമാ യുവജനസഖ്യം സൗത്ത് വെസ്റ്റ് റീജിയൻ സെന്റർ എയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മാർത്തോമൈറ്റ് പ്രീമിയർ ലീഗ് 2025ഇൻഡോർ ക്രിക്കറ്റ് ടൂർണമെന്റിൽ സെഹിയോൻ മാർത്തോമാ യുവജനസഖ്യം ചാമ്പ്യന്മാരായി. വാശിയേറിയ ടൂർണമെന്റിൽ കരോൾട്ടൻ മാർത്തോമാ യുവജനസഖ്യം രണ്ടാം സ്ഥാനത്ത് എത്തി.

2025 മെയ് മാസം മൂന്നാം തീയതി ശനിയാഴ്ച ലോഡ്സ് ഇൻഡോർ സ്പോർട്സ് കോംപ്ലക്സിൽ വച്ച് നടത്തപ്പെട്ട ടൂർണ്ണമെന്റിൽ സെന്ററിലെ എല്ലാ യുവജനസഖ്യ ശാഖകളും ആവേശത്തോടെ പങ്കെടുത്തു. വാശിയേറിയ മത്സരങ്ങളോടെ സമാപിച്ച ടൂർണമെന്റ് വൻവിജയമായി.

മാൻ ഓഫ് ദ മാച്ച് ആയി ജേക്കബ് ജോർജ് (സെഹിയോൻ മാർത്തോമ യുവജനസഖ്യം) തിരഞ്ഞെടുക്കപ്പെട്ടു. ടൂർണമെന്റിലെ മികച്ച ബാറ്റ്സ്മാൻ ആയി ഷിജു ജേക്കബ് (സെഹിയോൻ മാർത്തോമ യുവജനസഖ്യം), മികച്ച ബൗളറായി സിബി മാത്യു (ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ യുവജനസഖ്യം) എന്നിവരെ തിരഞ്ഞെടുത്തു.

ടൂർണമെന്റിൽ പങ്കെടുത്ത ഏവരേയും സെൻട്രൽ സെക്രട്ടറി സിബി മാത്യു സ്വാഗതം ചെയ്തു.

റവ. ഷിബി എം എബ്രഹാം, റവ. എബ്രഹാം സാംസൺ, റവ. റോബിൻ വർഗീസ് എന്നിവർ ടൂർണ്ണമെന്റിന് നേതൃത്വം നൽകി.

ടൂർണമെന്റ് കോർഡിനേറ്റർ ജുബിൻ ജോസഫ് സഹകരിച്ച എല്ലാ അംഗങ്ങൾക്കും കൃതജ്ഞത രേഖപ്പെടുത്തി.

## ഡാലസിൽ എത്തിച്ചേർന്ന റവ.എബ്രഹാം വി. സാംസൺ, റവ.റോബിൻ വർഗീസ് എന്നീ വൈദീകർക്ക് സ്വീകരണം



**– ഷാജി രാമപുരം**

ഡാലസ്: മാർത്തോമ്മ സഭയുടെ ക്രമീകരണപ്രകാരം അടുത്ത മൂന്ന് വർഷത്തേക്ക് ഡാലസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മ ഇടവക വികാരിയായി നിയമിതനായ റവ.എബ്രഹാം വി. സാംസൺ, ഡാലസ് പ്ലാനോയിലുള്ള സെഹിയോൻ മാർത്തോമ്മ ഇടവക വികാരിയായി നിയമിതനായ റവ.റോബിൻ വർഗീസ് എന്നീ വൈദീകർക്കും അവരുടെ കുടുംബത്തിനും ഡാലസ് ഡി എഫ് ഡബ്ല്യൂ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഊഷ്മള വരവേൽപ്പ് നൽകി.

ഡാലസ് ക്രോസ് വേ മാർത്തോമ്മ ഇടവക വികാരി റവ. എബ്രഹാം കുരുവിള, ഡാലസിലെ വിവിധ മാർത്തോമ്മ ഇടവകളിലെ ആത്മായ നേതാക്കളായ പി.ടി മാത്യു, അറ്റേർണി ലാൽ വർഗീസ്, ഈശോ മാളിയേക്കൾ, സിസിൽ ചെറിയാൻ, നിതിൻ തൈമുറിയിൽ, ഫിലിപ്പ് മാത്യു, ഡോ.സാം ജോയ്, മനോജ് വർഗീസ്, ജേക്കബ് ജോർജ്, മാത്യു ജോർജ്, സജി ജോർജ്, തോമസ് കെ. ജോർജ്, ആഡം മാത്യു, ഷിബു തോമസ് പുല്ലംപള്ളിൽ, എലീസ ആൻഡ്രൂസ്, ജിനു എന്നിവരുടെ നേതൃത്വത്തിൽ അനേക സഭാ പ്രതിനിധികൾ സ്വീകരിക്കുവാൻ എയർപോർട്ടിൽ എത്തിയിരുന്നു.

## കൊപ്പേൽ സെന്റ് അൽഫോൻസാ ദേവാലയത്തിൽ 42 കുട്ടികൾ ആദ്യകുർബാന സ്വീകരിച്ചു



**– മാർട്ടിൻ വിലങ്ങോലിൽ**

ടെക്സാസ്: കൊപ്പേൽ സെന്റ് അൽ ഫോൻസാ സീറോ മലബാർ ഇടവകയിൽ 42 കുട്ടികളുടെ ആദ്യകുർബാന സ്വീകരണവും സ്ഥൈര്യലേപന ശുശ്രൂഷയും ഏപ്രിൽ 27 ഞായറാഴ്ച ഷിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ടിന്റെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു.

ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ, ഫാ.റജി പുന്നോലിൽ, ഫാ. ജോൺ കോലഞ്ചേരി എന്നിവർ സഹകാർമ്മികരായിരുന്നു.

വിശ്വാസം പ്രഘോഷിക്കപ്പെടുന്നത് ആരാധന ക്രമങ്ങളിലൂടെയാണ്. കുട്ടികളിലേക്ക് വിശ്വാസം പകർന്നു നൽകുവാൻ മുതിർന്നവർ മാതൃകാപരമാകണമെന്നു മാർ ആലപ്പാട്ട് പറഞ്ഞു.

ഇടവക വികാരിമാരുടെ നേതൃത്വത്തിൽ സൺഡേ സ്കൂൾ അധ്യാപകരായ സിൽവി സന്തോഷ്, സോനാ റാഫി, സൗമ്യ സിജോ, ജിന്റോ തോമസ്, ഷിജോ ജോസഫ് (സിസിഡി കോർഡിനേറ്റർ), ലിസാ ജോം (സിസിഡി അസി.കോർഡിനേറ്റർ) എന്നിവരാണ് കൂദാശാ സ്വീകരണത്തിനുള്ള കുട്ടികളെ പരിശീലിപ്പിച്ചത്.

ജോസഫ് കുര്യൻ (സാജു, ആദ്യകുർബാന കമ്മറ്റി മുഖ്യ കോർഡിനേറ്റർ), സജി തോമസ്, ജോസ് ജോൺ, ബിബി ജോൺ, സന്തോഷ് ജോർജ്, ജോബ് മാത്യു എന്നിവരടങ്ങുന്ന കമ്മറ്റിയും, ഇടവക ട്രസ്റ്റിമാരായ റോബിൻ കുര്യൻ, ജോഷി കുര്യാക്കോസ്, റോബിൻ ചിറയത്ത്, രഞ്ജിത്ത് തലക്കോട്ടൂർ, സെബാസ്റ്റ്യൻ പോൾ (സെക്രട്ടറി) എന്നിവരും ആദ്യകുർബാന സ്വീകരണചടങ്ങുകൾ വിജയമാകുന്നുന്നതിൽ ചുക്കാൻ പിടിച്ചു.

കുട്ടികളുടെ പ്രതിനിധിയായി അന്നാ മേരി അഗസ്റ്റിൻ, ജോസഫ് കുര്യൻ (മുഖ്യ കോർഡിനേറ്റർ) എന്നിവർ ചടങ്ങുകളിൽ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.



*ഡാളസ് മാർത്തോമാ യുവജനസഖ്യം സൗത്ത് വെസ്റ്റ് റീജിയൻ സെന്റർ എയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മാർത്തോമൈറ്റ് പ്രീമിയർ ലീഗ് 2025ഇൻഡോർ ക്രിക്കറ്റ് ടൂർണമെന്റിൽ നിന്നും*

## ട്രംപിനെതിരെ അമേരിക്കക്കാർ ഒന്നിക്കണമെന്ന് കമല ഹാരിസ്

**– പി പി ചെറിയാൻ**

കാലിഫോർണിയ: പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരെ അമേരിക്കക്കാർ ഒന്നിക്കണമെന്ന് ഏപ്രിൽ 30ന് നടത്തിയ ശക്തമായ പ്രസംഗത്തിൽ മുൻ യുഎസ് വൈസ് പ്രസിഡന്റ് കമല ഹാരിസ് ആഹ്വാനം ചെയ്തു.

എമേർജ് അമേരിക്ക ആതിഥേയത്വം വഹിച്ച ഒരു പരിപാടിയിൽ സാൻ ഫ്രാൻസിസ്കോ ബേ ഏരിയയിലെ ഒരു ജനക്കൂട്ടത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കമല. ട്രംപിനോട് തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിനുശേഷം കമല ഹാരിസ് നടത്തിയ ഒരു പ്രധാന രാഷ്ട്രീയ നീക്കമാണിത്.

കോൺഗ്രസും കോടതികളുംഅവരുടെ പങ്ക് നിർവഹിക്കുന്നതിൽ പരാജയപ്പെട്ടാൽഉണ്ടാകാൻ സാധ്യതയുള്ള ഭരണഘടനാ പ്രതിസന്ധിയെക്കുറിച്ച് അവർ മുന്നറിയിപ്പ് നൽകി.ആധുനിക പ്രസിഡന്റ് ് ചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യനിർമ്മിത സാമ്പത്തിക പ്രതിസന്ധിഎന്ന് അവർ വിശേഷിപ്പിച്ച സാഹചര്യത്തിൽ കൂട്ടായ നടപടിയുടെ ആവശ്യകതയെ ഊന്നിപ്പറഞ്ഞു.

ട്രംപിന്റെ താരിഫ് നയങ്ങളെ കമല വിമർശിച്ചു. അവവ്യക്തമായും ഒരു മാന്ദ്യത്തെ ക്ഷണിച്ചുവരുത്തുന്നു.സമ്പന്നർക്ക് അനുകൂലമായ ഒരു കാഴ്ചപ്പാട് പ്രോത്സാഹിപ്പിക്കുകയാണെന്ന് അവർ  ആരോപിച്ചു.

സെനറ്റർമാരായ കോറി ബുക്കറെയും ബെർണി സാൻഡേഴ്സിനെയും ആക്ടിവിസ്റ്റുകളെയും അവരുടെ ധാർമ്മിക വ്യക്തതയേയും ധൈര്യത്തേയും കമല പ്രശംസിച്ചു.

അടുത്ത വർഷം കാലിഫോർണിയ ഗവർണർ സ്ഥാനത്തേക്കുള്ള അവരുടെ സാധ്യതയെക്കുറിച്ചും ഭാവിയിലെ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള  സാധ്യതയെക്കുറിച്ചും ഊഹാപോഹങ്ങൾ പ്രചരിച്ചതോടെ, ഓഫീസ് വിട്ടതിനുശേഷം അവർ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഈ പ്രസംഗം, രാഷ്ട്രീയ വേദിയിലേക്കുള്ള വ്യക്തമായ തിരിച്ചുവരവിന്റെ സൂചന നൽകിയതായി മാധ്യമങ്ങൾ ചൂണ്ടിക്കാട്ടി.

## ഫൊക്കാന വിമൻസ് ഫോറം സ്റ്റുഡന്റ് സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു




**– സരൂപ അനിൽ**

ന്യൂ യോർക്ക്:  കേരളത്തിലെ സമർത്ഥരായ നിർദ്ധന പ്രൊഫഷണൽ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി ഫൊക്കാന വിമൻസ് ഫോറം നൽകുന്ന സ്കോളർഷിപ്പിലേക്ക് ഉള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. മെയ് 31 ആണ് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി.

ഓഗസ്റ്റ് 1 മുതൽ 4 വരെ തീയതികളിലായി കുമാരകത്തുള്ള ഗോകുലം ഗ്രാൻഡ് റിസോർട്ടിൽ വച്ചു നടക്കുന്ന ഫൊക്കാന ഇങ്കിന്റെ കേരള കോൺവൻഷനിൽ വച്ചായിരിക്കും സ്കോളർഷിപ് വിതരണം ചെയ്യുക എന്ന് വിമൻസ് ഫോറം  ചെയർപേഴ്സൺ രേവതി പിള്ള അറിയിച്ചു. അമേരിക്കയിലെയും ഇന്ത്യയിലെയും വിശിഷ്ട  വ്യക്തികൾ പങ്കെടുക്കുന്ന പരിപാടി വളരെ അധികം ഉത്സാഹത്തോടെ ആണ് ഉറ്റു നോക്കുന്നത് എന്ന് ഫൊക്കാന  പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി സൂചിപ്പിച്ചു.

യോഗ്യതയുടെ അടിസ്ഥാനത്തിൽ, അപേക്ഷകരിൽ നിന്നും അർഹരായവരെ തെരെഞ്ഞെടുക്കുന്നതായിരിക്കും. അപേക്ഷാ ഫോം താഴെ കാണുന്ന ലിങ്കിൽ ലഭ്യമാണ്

https://forms.gle/h5T4zZSCGq1mXAQ7A

23 May - **Buddha Jayanti or Buddha Purnima**
It is believed that on the full moon of the month of Vaishakh, Gautama Buddha was born in Lumbini near Kapilavastu. He is also known as 'Jyoti Punj of Asia' or 'Light of Asia'. This year, Buddha Jayanti or Buddha Purnima is celebrated on 23 May.

# മൂല്യങ്ങളിൽ ഉറച്ചു നിന്നത് മനോരമക്ക് കരുത്തായി: ജോസ് പനച്ചിപ്പുറം



ന്യു യോർക്ക്: നാനാത്വത്തിൽ ഏകത്വമാണ് ഭാരതത്തിന്റെ മഹത്വമായി നാം വിശേഷിപ്പിക്കുന്നത്. അതായത് പല വിഭാഗങ്ങൾ  ചേർന്നതെന്നർത്ഥം. അപ്പോൾ ഒരു വിഭാഗത്തെ അവഗണിക്കുകയോ അപരവൽക്കരിക്കുകയോ ചെയ്യുന്നത് ദോഷമാകും. അത്തരമൊരു നിലപാട് അംഗീകരിക്കാനാവില്ല- മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ ജോസ് പനച്ചിപ്പുറം ചൂണ്ടിക്കാട്ടി.

മലയാള മനോരമയിലും പത്രപ്രവർത്തന രംഗത്തും 50 വർഷം പൂർത്തിയാക്കിയ ജോസ് പനച്ചിപ്പുറത്തിനു ഇന്ത്യ പ്രസ് ക്ലബ് ഓഫ്  നോർത്ത് അമേരിക്ക ന്യു യോർക്ക് ചാപ്ടർ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മാധ്യമ പ്രവർത്തകരും സംഘടനാ നേതാക്കളും പങ്കെടുത്ത യോഗത്തിൽ മാധ്യമങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി സദസ്യരുടെ ചോദ്യങ്ങൾക്ക് ജോസ് പനച്ചിപ്പുറം മറുപടി നൽകി.

ദൃശ്യമാധ്യമങ്ങൾ  ശക്തിപ്പെട്ടുവെങ്കിലും ഇപ്പോഴും അവസാനവാക്ക് പ്രിന്റ് മീഡിയ തന്നെയാണെന്ന് ജോസ് പനച്ചിപ്പുറം പറഞ്ഞു.

ഇന്ന് വാർത്ത അറിയാൻ പലവിധ മാർഗങ്ങളുണ്ട്. അവ എത്ര സത്യമാണെന്ന് ഉറപ്പാക്കാൻ വഴിയില്ലെങ്കിലും. അതെ സമയം പത്രങ്ങൾക്ക് ഒരു 'യൂട്ടിലിറ്റി വാല്യൂ' നിലനിൽക്കുന്നു. ലോകത്തിലെ പല പത്രങ്ങളും നിലനിൽക്കുന്നത് അങ്ങനെയാണ്.  മനോരമയിലെ ഒരു പംക്തിയാണ് പടിപ്പുര. പഠിക്കുന്ന കുട്ടികളെ ഏറെ സഹായിക്കുന്നതാണത്. പടിപ്പുര വായിച്ചിട്ടു വരണം എന്ന് അധ്യാപകർ തന്നെ കുട്ടികളോട് പറയുന്ന സ്ഥിതി ഉണ്ട്. അങ്ങനെ പത്രം ജനത്തിന് ഉപകാരമാകുന്നു.

എന്തായാലും കുറേക്കാലം കൂടി കേരളത്തിൽ പ്രിന്റ് മീഡിയ സജീവമായി തന്നെ മുന്നോട്ടു പോകുമെന്നതാണ് തങ്ങളുടെ നിരീക്ഷണം.

എഡിറ്റോറിയൽ ടീം കൂടിയാലോചിച്ചാണ് വാർത്തകൾ ഏതൊക്കെ വേണമെന്ന് തീരുമാനിക്കുന്നത്. മനോരമിക്കിപ്പോൾ 16 എഡിഷനുണ്ട്. അവിടെയുള്ള എല്ലാവരുമായും സൂമിലും മറ്റും ചർച്ച ചെയ്യുക ഇന്നിപ്പോൾ എളുപ്പമാണ്. പോപ്പ് മരിച്ചപ്പോൾ ദൽഹി ലേഖകനെ വത്തിക്കാന് വിട്ടു. അദ്ദേഹവുമായി നിരന്തരം എഡിറ്റോറിയൽ ടീം ബന്ധപ്പെട്ടാണ് വാർത്തകൾ തീരുമാനിക്കുന്നത്. അത്രയധികം വലിയ നെറ്റ്വർക്കാണ് ഇപ്പോഴുള്ളത്. അതായത് ഒരാൾ തനിച്ചല്ല തീരുമാനങ്ങളെടുക്കുന്നത്. നമുക്ക് നമ്മുടെ വായനക്കാരെ അറിയാം. അവർക്ക് വേണ്ടതെന്തെന്ന് അറിയാം. അതനുസരിച്ചു വാർത്ത നൽകുന്നു.

ഇന്നിപ്പോൾ ടെക്നോളജി പലകാര്യത്തിനും നമ്മെ സഹായിക്കുന്നു. ഉദാഹരണം  സൂം. അത് പോലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. പക്ഷെ അവിടെ എത്തിക്സ് മറക്കാൻ പാടില്ല.

ഒരു പതിനഞ്ചു വയസുള്ള പെൺകുട്ടി ആത്മഹത്യ ചെയ്താൽ ചിലപ്പോൾ മനോരമയിൽ അത് വാർത്തയായി വന്നുവെന്നു വരില്ല. പ്രധാനകാരണം അത് ആ കുടുംബത്തെ എത്രമാത്രം വേദനിപ്പിക്കും എന്നത് തന്നെ. നമ്മുടെ ഏജന്റ് മുതൽ ജില്ലാ ലേഖകൻ വരെ വാർത്ത  അറിഞ്ഞതാണ്.

വീട്ടുകാർ ആവശ്യപ്പെട്ടില്ലെങ്കിലും ഇത്തരം വാർത്തകൾ കൊടുക്കുന്നതിൽ വ്യക്തമായ ഒരു നയം മനോരമക്കുണ്ട്. പരീക്ഷക്ക് തോറ്റതിന്റെ പേരിൽ വിദ്യാർത്ഥി ആത്മഹത്യ  ചെയ്താൽ അത് കൊടുക്കില്ലെന്നാണ് മനോരമയുടെ നയം. അത്തരം വാർത്ത കാണുന്ന മറ്റു കുട്ടികൾ വിചാരിച്ചേക്കാം പരീക്ഷയിൽ തോറ്റാൽ അടുത്ത വഴി ഇതാണെന്ന്. അത് പ്രോത്സാഹിപ്പിക്കാനാവില്ലല്ലോ.

അതെ സമയം ഏറ്റുമാനൂരിൽ അമ്മയും രണ്ടു കുട്ടികളും ട്രെയിനിന് മുന്നിൽ ചാടി മരിച്ചത് വാർത്തയാണ്. അത് മറച്ചു വയ്ക്കാനാവില്ല.

നാം കൊടുക്കുന്ന വാർത്ത കൊണ്ട് സമൂഹത്തിനു ഒരു ദോഷം വരുമോ എന്നാണ് നാം ചിന്തിക്കുന്നത്. അത്തരം നിലപാടുകൾ കൊണ്ടാണ് മനോരമ ഇത്രയും കാലമായി നിലനിൽക്കുന്നത്.

സെൻസേഷണൽ എന്നത് വളരെ സബ്ജക്റ്റീവ് ആയ കാര്യമാണ്. ഏറ്റുമാനൂരിൽ അമ്മയും കുഞ്ഞുങ്ങളും ആത്മഹത്യ ചെയ്തത് വേണമെങ്കിൽ അന്നത്തെ  പ്രധാനവാർത്തയാക്കാം. അല്ലെങ്കിൽ അതിന്റെ ഏറ്റവും നിസാരമായ കാര്യങ്ങൾ കൂടി ചികഞ്ഞെടുത്തു പൊടിപ്പും തൊങ്ങലും ചേർത്ത് കൊടുക്കാം. അപ്പോൾ അത് സെൻസേഷണലായി.

മനോരമ പത്രം നേരെ വീടുകളിലാണ് എത്തുന്നത്. അങ്ങനെയുള്ള പത്രത്തിൽ ഇത്തരം കാര്യങ്ങൾ പൊലിപ്പിച്ച് കാണിച്ചാൽ വായനക്കാരെ അത് അലോസരപ്പെടുത്തുകയേയുള്ളു.

ഒന്നാം പേജിൽ പരസ്യം കൊടുക്കാതെ മനോരമ വളരെക്കാലം പിടിച്ചു നിന്നു. പക്ഷെ പത്രങ്ങളുടെ  വരുമാനം കുറയുകയും ചെലവ് കൂടുകയും ചെയ്യുമ്പോൾ ഇത് ഒഴിവാക്കാനാവില്ല. പരസ്യങ്ങളിലൂടെയുള്ള  വരുമാനത്തിലാണ് പത്രങ്ങൾ നിലനിൽക്കുന്നത്. ഇന്നിപ്പോൾ പല വീടുകളിലും പ്രായമായവർ മാത്രമാണ്. അവർക്ക് അത്യാവശ്യം വല്ല വാർത്തയും ടിവിയിൽ നിന്ന് കിട്ടും. പത്രം അവരുടെ ജീവിതത്തിൽ  അവിഭാജ്യ ഘടകമല്ലാതായി. ഇതൊക്കെ പത്രങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്നു. ഒന്നാം പേജിൽ പരസ്യം കൊടുക്കുന്നതിനു മനോരമയെ ചീത്ത പറഞ്ഞ ദേശാഭിമാനി പോലും ഇപ്പോൾ ഒന്നാം പേജിൽ പരസ്യം കൊടുക്കുന്നു.

ഭാഷാപോഷിണിയിൽ പ്രൊഫ. കെ. ആർ ടോണിയുടെ കവിത വന്നതിനെപ്പറ്റി കെ കെ. ജോൺസൺ ചോദിച്ചത് രസകരമായി. മാസത്തിൽ ഒരു പതിപ്പ് മാത്രമുള്ളതിനാൽ എല്ലാം വായിച്ചിട്ടാണ് പ്രസിദ്ധീകരിക്കുന്നത്.

സോഷ്യൽ മീഡിയയിൽ നിന്ന് പത്രങ്ങൾ ഐറ്റങ്ങൾ എടുക്കുന്നത് കാലാനുസൃതമായ ഒരു മാറ്റമാണ്. പ്രധാനമന്ത്രിയുടെ പ്രസ്താവന വരുന്നത് 'എക്സി'ൽ ആണ്. ഒരു സിനിമാ നടൻ എന്തിനെപ്പറ്റിയെങ്കിലും അഭിപ്രായം പറയുന്നത് സോഷ്യൽ മീഡിയയിൽ ആയിരിക്കും. മുൻപൊക്കെ ഒരു പ്രസ്താവന ഇറക്കുന്നത്തിനു പകരം ഇന്ന് സോഷ്യൽ മീഡിയയിൽ ആണ് കൊടുക്കുന്നത്. അതിനാൽ അത് അവഗണിക്കാൻ പത്രങ്ങൾക്ക്ആവില്ല.

ഇപ്പോൾ ഐഎ. ശക്തിപ്പെട്ടിരിക്കുന്നു. പക്ഷെ അതിനു ക്രിട്ടിക്കൽ ആയി ചിന്തിക്കാൻ കഴിവില്ല. അതിനാൽ എ.ഐ, മാധ്യമങ്ങൾക്കു ബദൽ അല്ല, ഒരു സഹായി മാത്രമാണ്. പക്ഷെ അത് ദുരുപയോഗം ചെയ്യാൻ എളുപ്പമാണ്. മാർപാപ്പയെ കാണാത്തവർക്കു പോലും മാർപാപ്പക്ക് കൈ കൊടുക്കുന്ന ചിത്രം വേണമെങ്കിൽ ഐ.ഐ ഉണ്ടാക്കി തരും. അവിടെയാണ് എത്തിക്ക്സ് കടന്നു വരുന്നത്. അപ്പോൾ പത്രങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടി വരുന്നു.

പ്രിന്റ്, വിഷ്വൽ, ഓൺലൈൻ എന്നിങ്ങനെ വിവിധ വാർത്താവിതരണ പ്ലാറ്റുഫോമുകളെ സംയോജിപ്പിച്ചു മുന്നേറുന്നതാണ് മനോരമയുടെ കരുത്ത്. പരസ്പരപൂരകങ്ങളായി ഇവ പ്രവർത്തിക്കുന്നു.  കോവിഡിനെ തുടർന്ന് മനോരമയുടെ വരിക്കാരിൽ ഇടിവുണ്ടായി. അപ്പാർട്മെന്റിലും മറ്റും പത്രമെത്തിക്കുന്നതിലെ സങ്കേതിക ബുദ്ധിമുട്ടായിരുന്നു ഇതിന്റെ പ്രാധാന കാരണം. എന്നാൽ മഹാമാരി കഴിഞ്ഞതോടെ പ്രചാരണം വർധിച്ചു. മനോരമയുടെ വിവിധ മേഖലകൾ നൽകിയ

## ഹൂസ്റ്റൺ ഇന്ത്യാ ഫെസ്റ്റ് മെയ് 24ന് ചരിത്രസംഭവമാക്കാൻ സംഘാടകർ




**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: വർണപ്പകിട്ടാർന്ന പരിപാടികൾ, നയനമനോഹര കാഴ്ചകളൊരുക്കി ഫാഷൻ ഷോ, ഒപ്പം ആസ്വാദക ലക്ഷങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാനം പിടിച്ച ഷാൻ റഹ്മാൻ ലൈവ് ഇൻ മ്യൂസിക് ഷോയും, അവാർഡ് നൈറ്റും ഉൾപ്പെടെ വൈവിധ്യമാർന്ന നിരവധി പരിപാടികൾ കോർത്തിണക്കി 12 മണിക്കൂർ നീളുന്ന മുഴു ദിന പരിപാടികളുമായി ഗ്ലോബൽ ഇന്ത്യൻ ന്യൂസ് അവതരിപ്പിക്കുന്ന ഇന്ത്യ ഫെസ്റ്റ് 2025 ഒരു ചരിത്ര സംഭവമാക്കി ഒരുക്കങ്ങൾ ആരംഭിച്ചു.

2025 മെയ് 24നു ഹൂസ്റ്റണിലെ ഏറ്റവും മികച്ചതും ആധുനിക സാങ്കേതിക വിദ്യകളാൽ സമ്പന്നവുമായ ജിഎസ്ടി ഇവന്റ് സെന്ററിൽ വച്ച് നടത്തുന്ന ഫെസ്റ്റ് ഹൂസ്റ്റണിന്റെ ചരിത്രത്തിൽ സ്ഥാനം പിടിക്കത്തക്കവണ്ണം നിരവധി പരിപാടികളാണ് ഒരുക്കിയിരിക്കുന്നതെന്ന് ഇന്ത്യ ഫെസ്റ്റ് മുഖ്യ സംഘാടകനും ഗ്ലോബൽ ഇന്ത്യൻ ന്യൂസ് ചെയർമാനുമായ ജെയിംസ് കൂടൽ പറഞ്ഞു.

മുൻ പ്രതിപക്ഷനേതാവും മുൻ ആഭ്യന്തരമന്ത്രിയുമായ രമേശ് ചെന്നിത്തല എംഎൽഎ യുടെ സാന്നിധ്യം ആഘോഷദിനത്തിന് മികവ് നൽകും

ലക്ഷക്കണക്കിന് ആരാധകരെ സൃഷിച്ചുകൊണ്ടു പുതു തലമുറയുടെ ഹരമായി മാറിക്കഴിഞ്ഞ ഷാൻ റഹ്മാൻ ടീമിന്റെ വമ്പൻ മ്യൂസിക് ഷോ ഇന്ത്യ ഫെസ്റ്റിനെ മറ്റൊരു തലത്തിലേക്ക് ഉയർത്തും. ന്യൂജേഴ്സിയിലും ഫിലാഡൽഫിയയിലും പ്രകമ്പനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ആയിരക്കണക്കിന് ആസ്വാദകരുടെ ഹൃദയങ്ങളിലിടം പിടിച്ച ഷാൻ റഹ്മാൻ ഷോ ഹൂസ്റ്റണിൽ ഒരു തരംഗമായി മാറ്റാൻ സംഘാടകർ വിവിധ പരിപാടികൾ ഒരുക്കിവരുന്നു.

ഫാഷൻ ഷോ രംഗത്തെ പ്രമുഖയും പ്രശസ്ത ഗായികയുമായ ലക്ഷ്മി പീറ്റർ ഒരുക്കുന്ന മെയ് ക്വീൻ ബ്യൂട്ടി പേജന്റ്, ഫാഷൻ ഷോ തുടങ്ങിയവ ഇന്ത്യ ഫെസ്റ്റിനെ വേറിട്ടതാക്കി മാറ്റും. ബിസിനസ് എക്സിബിഷൻസ്, സെമിനാറുകൾ, ഓപ്പൺ ഫോറം, നാവിൽ സ്വാദൂറുന്ന നിരവധി രുചി ഭേദങ്ങളുടെ കലവറ ഒരുക്കി ഫുഡ് സ്റ്റാളുകൾ, അവാർഡ് നൈറ്റ് തുടങ്ങി 12 മണിക്കൂർ നീളുന്ന പരിപാടികളാണ് ഇന്ത്യ ഫെസ്റ്റിനെ വൻ വിജയമാക്കി മാറ്റുന്നത്.

ഓൺലൈൻ പത്ര രംഗത്ത്, എല്ലാ ദിവസവും പുത്തൻ വാർത്തകളുടെ നിറസാന്നിദ്ധ്യമായി മാറിക്കഴിഞ്ഞ ഗ്ലോബൽ ഇന്ത്യൻ ന്യൂസ് കേരളത്തിൽ നടത്തി വരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. 2023 മെയ് മാസം നടത്തിയ ഗ്ലോബൽ ഇന്ത്യൻ ന്യൂസ് അവാർഡ് നൈറ്റ് പ്രവാസി അവാർഡ് നൈറ്റുകളിൽ വേറിട്ടതും ഏറ്റവും ജനശ്രദ്ധ പിടിച്ചുപറ്റിയതുമായിരുന്നു. ഹൂസ്റ്റണിലെ സാമൂഹ്യ സാംസ്കാരിക സംഘടനകളും വ്യക്തികളും സ്ഥാപനങ്ങളും ഇന്ത്യ ഫെസ്റ്റിനെ ഏറ്റെടുത്ത് ഹൂസ്റ്റണിലെ ഒരു വലിയ ഉത്സവമാക്കി മാറ്റാൻ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു.

കൂടുതൽ വിവരങ്ങൾക്ക്: 346 773 0074, 346 4562225

## മൂല്യങ്ങളിൽ ഉറച്ചു നിന്നത് മനോരമക്ക്...

സ്വാധീനമാകാം കാരണം. എങ്കിലും പ്രിന്റ് ജേർണലിസത്തിന്റെ പ്രതാപകാലത്തെ വളർച്ചയുമായി താരതമ്യം ചെയ്യാനാവില്ല. നവമാധ്യമങ്ങൾ വിപരീതമാവുന്നതു തന്നെ കാരണം. ആ യാഥാർഥ്യത്തെ അവഗണിക്കാനാവില്ല– അദ്ദേഹം പറഞ്ഞു.

ഒരേ സ്ഥാപനത്തിൽ പത്രപ്രവർത്തനത്തിൽ 50 വർഷം എന്ന അപൂർവ ബഹുമതി നേടിയ ജോസ് പനച്ചിപ്പുറത്തിനു ആദരസൂചകമായി ഇന്ത്യ പ്രസ് ക്ലബിന്റെ ആശംസ ഫലകം ഐപിസിഎൻഎ ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി നൽകി. റോക്ക് ലാൻഡ് കൗണ്ടിയുടെ സർട്ടിഫിക്കറ്റ് റോക്ക് ലാൻഡ് കൗണ്ടി ലെജിസ്‌ളേച്ചറിന്റെ വൈസ് ചെയർ ഡോ. ആനി പോൾ സമ്മാനിച്ചു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, പോൾ കറുകപ്പള്ളി, ഫിലിപ്പോസ് ഫിലിപ്പ്, തോമസ് കോശി, ജോൺ സി. വർഗീസ്, മോൻസി വർഗീസ്, മോളമ്മ വർഗീസ്, പി.ടി. തോമസ്, കെ.കെ. ജോൺസൺ, നോഹ ജോർജ്, മത്തായി ചാക്കോ, ഷാജു മണിമലേത്ത്, അലക്സ് എബ്രഹാം, പി.ടി. വർഗീസ്, ടോം നൈനാൻ, അനൂപ് തോമസ് തുടങ്ങിവർ സംസാരിച്ചു.

പ്രസ് ക്ലബ് അംഗങ്ങളായ ജോർജ് ജോസഫ്, ടാജ് മാത്യു, ജോർജ് തുമ്പയിൽ, പ്രിൻസ് മാർക്കോസ്, ജേക്കബ് മാനുവൽ, ബിനു തോമസ് തുടങ്ങിയവർ പങ്കെടുത്തു.

ഷോളി കുമ്പിളുവേലിൽ സ്വാഗതവും ബിനു തോമസ് നന്ദിയും പറഞ്ഞു. ജോർജ് തുമ്പയിൽ ആയിരുന്നു എംസി.

## വാലി കോട്ടേജ് സെയിന്റ് മേരീസ് ഇടവകയിൽ ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ കാമ്പയിൻ ആരംഭിച്ചു



**– ഉമ്മൻ കാപ്പിൽ**

ന്യൂയോർക്ക്: വാലി കോട്ടേജ് സെയിന്റ് മേരീസ് ഇടവകയിൽ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ കാമ്പയിൻ ആരംഭിച്ചു. കോൺഫറൻസിനെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് ട്രഷറർ ലിസ് പോത്തൻ, സുവനീർ എഡിറ്റർ ജെയ്സി ജോൺ, സുവനീർ കമ്മിറ്റി അംഗം ഐറിൻ ജോർജ് എന്നിവർ പങ്കെടുത്തു.

മുൻ കോൺഫറൻസുകളിലെ തന്റെ അനുഭവങ്ങളെക്കുറിച്ചുള്ള ഹൃദയംഗമമായ ചിന്തകൾ പങ്കുവെച്ച ഇടവക വികാരി ഫാ.മാത്യു തോമസിന്റെ ഊഷ്മളമായ സ്വാഗതത്തോടെയാണ് മീറ്റിംഗ് ആരംഭിച്ചത്.

ഭദ്രാസനത്തിലുടനീളമുള്ള കുടുംബങ്ങളിലും യുവാക്കളിലും ഈ ഒത്തുചേരലുകൾ ചെലുത്തിയ ശാശ്വതമായ സ്വാധീനം അദ്ദേഹം ഊന്നിപ്പറയുകയും ഈ സുപ്രധാന ശുശ്രൂഷയെ സജീവമായി പിന്തുണയ്ക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ആത്മീയമായി സമ്പന്നമായ ഒരു അനുഭവത്തിനായി കോൺഫറൻസിൽ പങ്കെടുക്കാൻ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാ മാർ നിക്കളാവോസ് എല്ലാവരെയും പ്രോത്സാഹിപ്പിച്ചു.

കോൺഫറൻസിന് പൂർണ്ണ പിന്തുണ വാഗ്ദാനംചെയ്തുകൊണ്ട് ഡീക്കൻ ജസ്റ്റിൻ വർഗീസും സന്നിഹിതനായിരുന്നു. ഫാ. മാത്യു തോമസ് കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി. കോൺഫറൻസിന്റെ തീയതി, വേദി, ബഹുമാന്യരായ പ്രഭാഷകരുടെ നിര എന്നിവയുൾപ്പെടെ വരാനിരിക്കുന്ന കോൺഫറൻസിന്റെ ഒരു അവലോകനം ജെയ്സി ജോൺ നൽകി. ലിസ് പോത്തനും ഐറിൻ ജോർജും രജിസ്ട്രേഷൻ പ്രക്രിയയെക്കുറിച്ച് വിശദീകരിച്ചു. വ്യക്തികൾക്കും ബിസിനസുകൾക്കും ലഭ്യമായ സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. കോൺഫറൻസ് സുവനീർ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അപ്ഡേറ്റുകൾ നൽകി. കോൺഫറൻസിൽ ആസൂത്രണം ചെയ്തിരിക്കുന്ന എന്റർടൈൻമെന്റ് നൈറ്റിന്റെ ആവേശകരമായ വിവരങ്ങളും അവർ പങ്കുവച്ചു.

നിരവധി രജിസ്ട്രേഷനുകളിലൂടെയും സ്പോൺസർഷിപ്പ് പ്രതിബദ്ധതകളിലൂടെയും ഇടവകാംഗങ്ങൾ വളരെ ആവേശത്തോടെയാണ് പ്രതികരിച്ചത്.


സെയിന്റ് മേരീസ് ഇടവക കാണിച്ച അതിയായ പ്രോത്സാഹനത്തിനും ഉദാരതയ്ക്കും കോൺഫറൻസ് ടീം ഹൃദയംഗമമായ നന്ദി അറിയിച്ചു.

2025 ലെ ഫാമിലി യൂത്ത് കോൺഫറൻസ് ഭദ്രാസനത്തിലുടനീളമുള്ള കുടുംബങ്ങൾക്കും യുവാക്കൾക്കും ആത്മീയമായി സമ്പന്നവും പ്രചോദനാത്മകവുമായ ഒരു ഒത്തുചേരലായി മാറാൻ ഒരുങ്ങിയിരിക്കുന്നു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട്ട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ ആന്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ.ഡോ.റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ(ജോഷ്വ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ.

കൂടുതൽ വിവരങ്ങൾക്ക്, ഫാ.അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (148 064 595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (917 612 8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (917 533 3566).

## മേയർ സജി ജോർജ്, കൗൺസിലർ എലിസബത്ത് എബ്രഹാം എന്നിവർക്ക് റെക്കോർഡ് ഭൂരിപക്ഷം



**– പി പി ചെറിയാൻ**

ഡാളസ്: മെയ് 3 ശനിയാഴ്ച നോർത്ത് ടെക്സസിൽ വിവിധ സിറ്റി കൗൺസിലുകളിലേക്ക് നടന്ന വോട്ടെടുപ്പിൽ മലയാളികളായ രണ്ടു സ്ഥാനാർത്ഥികൾ വൻ ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ രണ്ടു പേർക്ക് ദയനീയ പരാജയം.

രണ്ടു ദശവർഷത്തിലധികമായി സണ്ണിവെയ്ൽ സിറ്റി കൗൺസിലർ, മേയർ എന്നീ നിലകളിൽ ആത്മാർത്ഥ പ്രവർത്തനം കാഴ്ചവെച്ച സജി ജോർജ് മൂന്നാമതും സിറ്റി മേയർ സ്ഥാനത്തേക്ക് മത്സരിച്ചപ്പോൾ വോട്ടർമാർ നൽകിയ അംഗീകാരമാണ് ഈ വിജയം.

മർഫി സിറ്റി കൗൺസിലിലേക്ക് മത്സരിച്ച എലിസബത്ത് അബ്രഹാം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇന്ന് നടന്ന തിരഞ്ഞെടുപ്പിലും എതിരാളിയായ നദീം കരീമിനെ പരാജയപ്പെടുത്തുവാൻ എലിസബത്തിനു കഴിഞ്ഞു.

ഗാർലാൻഡ് മേയർ സ്ഥാനത്തേക്ക് ശക്തരായ രണ്ട് മലയാളികൾ പി.സി.മാത്യു, ഡോ.ഷിബു സാമുവൽ എന്നിവർ പരസ്പരം ഏറ്റുമുട്ടി പാരാജയപ്പെട്ടപ്പോൾ ദെബോര മോറിസിന് വിജയം എളുപ്പമായി. മേയർ തിരെഞ്ഞെടുപ്പിൽ പി സി മാത്യു മൂന്നാം സ്ഥാനത്തും, ഡോ. ഷിബു സാമുവേൽ നാലാം സ്ഥാനത്തുമാണ്. ആറ് പേരാണ് ഗാർലാൻഡ് മേയനർ സ്ഥാനത്തേക്ക് മത്സരിച്ചിരുന്നത്.

# അമേരിക്കൻ അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യൻ ഒറിജിന് പുതിയ ഭരണസമിതി

– രഞ്ജിനി രാമചന്ദ്രൻ




അമേരിക്കൻ അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യൻ ഒറിജിൻ (എഎപിഐ) 2025–26 വർഷത്തേക്കുള്ള പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ഡോ.സതീഷ് കാതുലയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.ലോകേഷ് എഡാരയും ഇത് സംബന്ധിച്ച അറിയിപ്പ് നൽകി. ഡോ.കൃഷ്ണൻ കുമാർ വൈസ് പ്രസിഡന്റായും, ഡോ.സീമ അറോറ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ അമേരിക്കൻ ഡോക്ടറായ ഡോ.സൗമ്യ നെറവെറ്റ്ല ട്രഷറർ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

മറ്റ് തിരഞ്ഞെടുക്കപ്പെട്ട നേതാക്കൾ: ഡോ.അഞ്ജലി ഗുലാത്തി, ഡോ. സുനിത പോലെപ്പള്ളി, ഡോ.ശ്രീനി ഗോകരകൊണ്ട (ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗങ്ങൾ), ഡോ. ഹേതൽ ഗോർ (ചെയർ ഇലക്ട്). ഡോ.അമിത് ചക്രവർത്തി 2025 ജൂലൈയിൽ ഒഹായോയിലെ സിൻസിനാറ്റിയിൽ നടക്കുന്ന വാർഷിക കൺവെൻഷനിൽ എഎപിഐ യുടെ പ്രസിഡന്റായി ചുമതലയേൽക്കും.

എഎപിഐയുടെ 125,000 അംഗങ്ങളുടെ ശക്തമായ പങ്കാളിത്തം ഈ തിരഞ്ഞെടുപ്പിൽ ദൃശ്യമായിരുന്നു. ഇത് യുഎസ് ആരോഗ്യരംഗത്ത് ഇന്ത്യൻ വംശജരായ ഡോക്ടർമാരുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെയാണ് സൂചിപ്പിക്കുന്നത്. സമൂഹത്തിന്റെ വിശ്വാസത്തിന് നേതാക്കൾ നന്ദി അറിയിക്കുകയും യുഎസിലെയും ഇന്ത്യയിലെയും ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിൽ എഎപിഐയെ കൂടുതൽ മികച്ച നിലയിലേക്ക് എത്തിക്കുമെന്നും വാഗ്ദാനം ചെയ്തു.

# ആഗോള ജീവകാരുണ്യ പ്രവർത്തനങ്ങൾ അടച്ചു പൂട്ടാൻ ബിൽ ഗെയ്റ്റ്സ് തീരുമാനിച്ചു

– പിപിഎം

ലോകമെങ്ങും നിർണായക ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന ഗെയ്റ്റ്സ് ഫൗണ്ടേഷൻ അടച്ചുപൂട്ടുന്നുവെന്നു അതിനു 25 വയസ് തികഞ്ഞ വ്യാഴാഴ്ച സ്ഥാപകൻ ബിൽ ഗെയ്റ്റ്സ് പ്രഖ്യാപിച്ചു. യുഎസ് എയ്ഡ് പൊളിച്ചു നിരത്തി ആഗോള ചാരിറ്റിക്കു പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വിരാമമിട്ടതോടെ ഫൗണ്ടേഷനു പ്രവർത്തിക്കാൻ കഴിയാതായി എന്നദ്ദേഹം ന്യൂയോർക്ക് ടൈംസ് പത്രത്തോട് വെളിപ്പെടുത്തി.

എന്നാൽ ഫൗണ്ടേഷന്റെ ചാരിറ്റി പ്രവർത്തനങ്ങൾ 20 വർഷത്തേക്കു കൂടി തുടരുമെന്നു ഗെയ്റ്റ്സ് ഉറപ്പു നൽകി. മൊത്തം 200 ബില്യണിലധികം ഡോളർ അതിനു ചെലവഴിക്കും.

ലോകത്തെ ഏറ്റവും സമ്പന്നനായ ഗെയ്റ്റ്സ് 2000ലാണ് ഫൗണ്ടേഷൻ സ്ഥാപിക്കുന്നത്. അന്ന് അദ്ദേഹത്തിനു 44 വയസ്. ഭാര്യ ആയിരുന്ന മെലിൻഡയ്ക്കു 35. ആരോഗ്യ രക്ഷ ഇല്ലാത്ത ഭൂഖണ്ഡങ്ങളിൽ പോലും കടന്നു ചെന്ന് പൊതു ജനാരോഗ്യ പദ്ധതികൾക്കു ധനസഹായം നൽകിയ ഗെയ്റ്റ്സ് 100 ബില്യണിലേറെ ഡോളർ ഇറക്കി വിപ്ലവകരമായ മാറ്റങ്ങളാണ് തുടങ്ങിവച്ചത്. മില്യൺ കണക്കിനു മനുഷ്യരുടെ ജീവൻ രക്ഷിച്ച ചരിത്രം ആ പദ്ധതികൾക്കുണ്ട്.

ഡിസംബർ 31നു പക്ഷെ ഫൗണ്ടേഷന്റെ വാതിലുകൾ അടയ്ക്കുമെന്നു ഗെയ്റ്റ്സ് പറഞ്ഞു. ഇനിയും പതിറ്റാണ്ടുകൾക്കു ഒരുക്കിയിരുന്ന സ്ഥാപനം തുടരാൻ കഴിയാത്ത സ്ഥിതിയാണ്.

May 24- **National Brother's Day**
Brother's Day is an unofficial holiday celebrated mostly in the US on May 24. The day was founded to celebrate the marvellous relationship between brothers and sisters.

27 May - **National Memorial Day** (last Monday of May)
Memorial Day is observed every year on the last Monday of May. This year it falls on May 29. The day honours and remembers the fallen American Military personnel.

31 May – **Anti-Tobacco Day**
Anti-Tobacco Day or World No Tobacco Day is observed on 31 May every year across the globe to make people aware and educate them about the harmful effects of tobacco on health which causes cardiovascular diseases, cancer, tooth decay, staining of teeth etc.

# ലീഗ് ഓഫ് യുണൈറ്റഡ് കേരള അത്‌ലറ്റ്സ് ദേശീയ ടൂർണമെന്റ് നവ്യാനുഭവമായി



ഡാലസ്: ടെക്സസിലെ ഡാലസ് കേന്ദ്രമായി പ്രവർത്തിക്കുന്ന 'ലൂക്ക' സംഘടിപ്പിച്ച പ്രഥമ ദേശീയ ടൂർണമെന്റ് മൽസരങ്ങൾ അമേരിക്കൻ മലയാളികൾ കായികരംഗത്ത് ഒന്നിച്ചു കൂടിയ നവ്യാനുഭവമായി. ഏപ്രിൽ 26നും 27നുമായി നടന്ന ഈ ടൂർണമെന്റ്, പിക്കിൾബോൾ, വോളിബോൾ തുടങ്ങിയ വിവിധ മത്സരങ്ങളിലൂടെ ആവേശ പൂർണ്ണമായ കായികമേളയായി. മത്സരം മാത്രം അല്ല, സൗഹൃദം, ഐക്യം, പങ്കാളിത്തം എന്നിവയുടെ ഉത്സവമായി രണ്ടുദിവസങ്ങൾ പിന്നിട്ടു.

വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ മത്സരാർത്ഥികൾക്കായി സൗജന്യ താമസ സൗകര്യം, ഭക്ഷണം, വിമാനത്താവളത്തിൽ നിന്നുള്ള പിക്കപ്പ്ഡ്രോപ്പ് ഓഫ് എന്നിവ ഒരുക്കിയിരുന്നു.

ടൂർണമെന്റ് ഔപചാരികമായി ഉദ്ഘാടനം ചെയ്തത് എം.എൽ.എയും കായിക പ്രേമിയുമായ പി.കെ. ബഷീർ ആയിരുന്നു. ചടങ്ങിൽ കെഎംസിസി വേൾഡ് ട്രഷറർ യു.എ. നസീർ (ന്യൂയോർക്ക്) മുഖ്യാതിഥിയായും 'നന്മ' തുടങ്ങിയ സംഘടനാ ഭാരവാഹികളും കായികപ്രേമികളും, മാധ്യമപ്രവർത്തകരും, മറ്റു മലയാളി പ്രൊഫഷണലുകളും പങ്കെടുത്തു. നന്മ ഭാരവാഹികളായ റഷീദും കമാലും ആശംസ പ്രസംഗം നടത്തി.

ഉൽസവച്ഛായ കലർന്ന ഉദ്ഘാടന ചടങ്ങിൽ ലൂക്കയുടെ ഔദ്യോഗിക ലോഗോ പ്രകാശനം, വെബ്സൈറ്റ്, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവ യു.എ. നസീർ പ്രകാശനം ചെയ്തു.

അഡ്വാൻസ്ഡ് ഡബിൾസ് വിഭാഗത്തിൽ ഡാളസിന്റെ ശരീഫും കാലിഫോർണിയയുടെ ഫിറോസും ചേർന്ന് 'ഫ്ലോറിഡയിലെ ചുണക്കുട്ടികൾ'എന്നറിയപ്പെടുന്ന ഷാൻ സാബിർ കൂട്ടുകെട്ടിനെ കീഴടക്കി വിജയകിരീടം സ്വന്തമാക്കി.

ഇന്റർമീഡിയറ്റ് വിഭാഗത്തിൽ, റോളറ്റിൽ നിന്നുള്ള അൻവർ റാഷിദ് കൂട്ടുകെട്ടിനെതിരെ തന്ത്രപൂർവം കളിച്ച ഡാലസിന്റെ അൻസാരി നഹീദ് ടീമാണ് വിജയം വരിച്ചത്.

വോളിബോൾ മത്സരങ്ങളിൽ അന്താരാഷ്ട്ര പരിശീലനപരിചയമുള്ള കോച്ച് മമ്മുവിന്റെ നേതൃത്വത്തിലുള്ള ടീം റൗലറ്റ് മാഫിയ മികച്ച പ്രകടനം കാഴ്ചവെച്ച് കിരീടം സ്വന്തമാക്കി. ഡാലസ് വാരിയേഴ്സ് രണ്ടാം സ്ഥാനവും ലൂക്കാസ് ഇല്ലൂമിനാറ്റി മൂന്നാം സ്ഥാനവുമാണ് വാശിയേറിയ മൽസരങ്ങളിൽ കരസ്ഥമാക്കിയത്.

വിദൂര സ്ഥലങ്ങളിലിരുന്നു സോഷ്യൽ മീഡിയയിലൂടെ മാത്രം സൗഹൃദം പങ്കുവെച്ചിരുന്നവർക്ക് നേരിൽ തന്നെ സ്നേഹത്തോടെയും സന്തോഷത്തോടെയും കൊമ്പുകോർക്കാൻ അവസരമൊരുക്കിയ ലൂക്കയുടെ ഈ സംരംഭം തുടർന്നും കൂടുതൽ ടീമുകളെ പങ്കെടുപ്പിച്ച് മലയാളി കായിക ഐക്യത്തിന് വഴിയൊരുക്കുന്നതിന്റെ തുടക്കം മാത്രമാണെന്ന് ലൂക്ക പ്രസിഡണ്ട് നജീബ് ഡാലസ് പറഞ്ഞു. ഡാളസ് മലയാളികളുടെ താല്പര്യവും പങ്കാളിത്തവുമാണ് ഈ വിജയത്തിന്റെ അടിസ്ഥാനം.

അടുത്ത സെപ്റ്റംബറിൽ ദേശീയതല ബാഡ്മിന്റൺ ടൂർണമെന്റിനൊരുങ്ങുകയാണ്. തുടർന്നു എല്ലാ സംസ്ഥാനങ്ങളിലെയും മലയാളികളെ ഉൾപ്പെടുത്തി' നാഷണൽ മലയാളി സ്പോർട്ട്സ് ഡേ' സംഘടിപ്പിക്കാനാണ് പദ്ധതിയിടുന്നതെന്ന് നജീബ് അറിയിച്ചു. വർഷത്തിൽ ഒരിക്കൽ, വിവിധ ഏജ് ഗ്രൂപ്പുകളിലായി പിക്കിൾബോൾ, വോളിബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ എന്നിവ ഉൾപ്പെടുത്തി ദേശീയതല ടൂർണമെന്റുകൾ സംഘടിപ്പിക്കുക എന്നതാണ് ലൂക്കയുടെ ദീർഘകാല ലക്ഷ്യം. വലിയ ചിലവുകൾ ഇല്ലാതെ പ്രായഭേദമന്യേ ആർക്കും എളുപ്പത്തിൽ സ്വായത്തമാക്കാനും, ആരോഗ്യവും ഉന്മേഷവും സൗഹൃദവും നിലനിർത്താനും ഉതകുന്ന പിക്കിൾബാൾ നമ്മുടെ നാട്ടിലും എളുപ്പത്തിൽ പ്രചാരണം കൊടുക്കാനും അത് വഴി സോഷ്യൽ മീഡിയയുടെ അപകടകരമായ അതിപ്രസരവും മറ്റു ദുഷിച്ച ശീലങ്ങളിലേക്കുള്ള ആകർഷണങ്ങളും ഒഴിവാക്കാൻ കഴിയും എന്ന് ലൂക്ക ഭാരവാഹികൾ പ്രത്യാശ പ്രകടിപ്പിച്ചു.

ലൂക്കയുടെ 2025–2026 കാലയളവിലേക്കുള്ള ബോർഡ് അംഗങ്ങളായി നജീബ് പ്രസിഡന്റായും, ഹാരിസ് സെക്രട്ടറിയായും, അബു ജോയിന്റ് സെക്രട്ടറിയായും, ബഷീർ ട്രഷററായും, മുഹമ്മദ് പരോൾ ജോയിന്റ് ട്രഷററായും, നജാഫ് മാർക്കറ്റിംഗ് ഹെഡായും, ഷമീർ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻസ് ഹെഡ്, സംജാദ് പ്രോഗ്രാം കോർഡിനേറ്റർ , രാജ റഷീദ് പ്രോഗ്രാം അഡ്മിനിസ്ട്രേറ്റർ എന്നീ ചുമതലകളും ഏറ്റെടുത്തു.

കൂടുതൽ വിവരങ്ങൾ: www.lukausa.org
lukaexecutive@gmail.com.

# മുൻ ഇല്ലിനോയിസ് റിപ്പബ്ലിക്കൻ ഗവർണർ ജോർജ് റയാൻ അന്തരിച്ചു

ചിക്കാഗോ: അഴിമതിക്കേസിൽ ജയിൽ ശിക്ഷ അനുഭവിച്ച മുൻ ഇല്ലിനോയിസ് ഗവർണർ ജോർജ് റയാൻ 91 വയസ്സിൽ അന്തരിച്ചു.

1999 മുതൽ 2003 വരെ ഇല്ലിനോയിസിന്റെ 39-ാമത് ഗവർണറായി സേവനമനുഷ്ഠിച്ച റിപ്പബ്ലിക്കൻ റയാൻ വെള്ളിയാഴ്ച മരിച്ചുവെന്ന് കാൻകാക്കി കൗണ്ടി കൊറോണർ സ്ഥിരീകരിച്ചു.

ഗവർണറായിരുന്ന സമയത്തോടൊപ്പം, റയാൻ 1991 മുതൽ 1999 വരെ ഇല്ലിനോയിസ് സ്റ്റേറ്റ് സെക്രട്ടറിയായും 1983 മുതൽ 1991 വരെ സംസ്ഥാനത്തിന്റെ ലെഫ്റ്റനന്റ് ഗവർണറായും സേവനമനുഷ്ഠിച്ചു.

2000 ജനുവരിയിൽ ഇല്ലിനോയിസിൽ വധശിക്ഷകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയപ്പോൾ റയാൻ ദേശീയ തലക്കെട്ടുകൾ നേടുകയും സ്വന്തം പാർട്ടിയിലെ ചിലരെ പ്രകോപിപ്പിക്കുകയും ചെയ്തു. മൂന്ന് വർഷത്തിന് ശേഷം, ഇല്ലിനോയിസിന്റെ വധശിക്ഷയ്ക്ക് വിധേയരായവരോ കാത്തിരിക്കുന്നവരോ ആയ 167 പേരുടെ ശിക്ഷ അദ്ദേഹം ഇളവ് ചെയ്തു.

ഭരണകാലത്തിനുശേഷം, 2006 ൽ വഞ്ചന, റാക്കറ്റിംഗ് എന്നീ കുറ്റങ്ങൾക്ക് റയാൻ ശിക്ഷിക്കപ്പെട്ടു. പിന്നീട് അഞ്ച് വർഷത്തിലധികം ഫെഡറൽ ജയിലിൽ കിടന്നു.